# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ജൂലൈ 2018 വാല്യം 45 ലക്കം 4 | *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* | പേജ് 8 വില 5.00 രൂപ


### ജാതി–മത ചിന്താഗതികൾക്കും സങ്കുചിത കക്ഷിരാഷ്ട്രീയത്തിനും അതീതമായി

# ജനകീയ പ്രതിരോധ സമിതികളിൽ സംഘടിക്കുക

**ജനാധിപത്യ വ്യവസ്ഥയുടെ അടിത്തറയും അതിന്റെ കരുത്തും കാതലുമെന്നത് ജനങ്ങളുടെ പ്രബുദ്ധതയും ഉണർവ്വും ജാഗ്രതയും അതിൽനിന്നുടലെടുക്കുന്ന ജനകീയ പോരാട്ടങ്ങളുമാണ്. ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനും നിലനിർത്താനും വിപുലീകരിക്കാനും കരുത്തുറ്റ ജനകീയ പ്രസ്ഥാനത്തിന്റെ ഊർജ്ജത്തിനേ കഴിയൂ. തെരഞ്ഞെടുക്കപ്പെട്ട സർക്കാരിനെ നേർവഴിയിലൂടെ നയിക്കാനുതകുന്ന കാവൽ ശക്തിയായി ജനങ്ങൾക്ക് മാറാൻ കഴിയുമ്പോൾ മാത്രമേ ജനാധിപത്യത്തിന്റെ നടത്തിപ്പ് പൂർണ്ണമാകൂ. ജനാധിപത്യ ഭരണലക്ഷ്യങ്ങളുടെ അടിയുറച്ച സങ്കൽപ്പങ്ങൾപോലും അധികാരികൾ ഇന്ന് പരസ്യമായി നിരാകരിക്കുന്നു; കുത്തകകളുടെ പാദസേവകരായി അധഃപതിച്ചിരിക്കുന്നു.**



ആഗോളവത്ക്കരണം മുന്നേറുന്നതിനനുസരിച്ച് മനുഷ്യൻ പിന്തള്ളപ്പെടുകയാണ്. അധികാരികൾ ആർത്തിപിടിച്ച് പായുന്നത് മൂലധനത്തിന് പിന്നാലെയാണ്. വമ്പൻ ധനശക്തികൾക്കുവേണ്ടി അവർ മനസാക്ഷിയില്ലാതെ നിലകൊള്ളുന്നു. കമ്പോളമാണ് ദൈവം. കുടിവെള്ളവും വിദ്യാഭ്യാസവും ആരോഗ്യവും കമ്പോളത്തിന്റെ ചവിട്ടടിയിലാണ്. മനുഷ്യന്റെ വിശപ്പും രോഗവും ദുരിതങ്ങളും യാതനകളുമെല്ലാം കമ്പോളത്തിൽ ചരക്കാണ്. ചിന്തയും വികാരങ്ങളും മൂല്യങ്ങളുമെല്ലാം കമ്പോളത്തിന്റെ ദാക്ഷിണ്യത്തിലാണ്.

കമ്പോളത്തിന് മനുഷ്യനെ വേണ്ട. വേണ്ടത് മനുഷ്യന്റെ ശേഷികളെ മാത്രം. കമ്പോളത്തിന്റെ നിയമങ്ങൾ അനുസരിക്കുന്ന, ആത്മാഭിമാനവും അന്തസ്സും പണയംവച്ച് യന്ത്രങ്ങളെപ്പോലെ പണിയെടുക്കാൻ ശേഷിയുള്ളവരെ മാത്രം. കടുത്ത മത്സരത്തിൽ സഹപാഠിയെയോ സഹപ്രവർത്തകനെയോ സഹോദരനെപ്പോലുമോ മലർത്തിയടിക്കാൻ ശേഷിയുള്ളവരെ മാത്രം.

കമ്പോളത്തിന്റെ ദുരയ്ക്കിരയായി ജനങ്ങൾ നിലനിൽപ്പിനായി ക്ലേശിക്കുകയാണ്. ജീവിതത്തിൽ പിടിച്ചു നിൽക്കാനുള്ള എല്ലാ പരിശ്രമങ്ങളും പരാജയപ്പെട്ട് കർഷകൻ ആത്മഹത്യ ചെയ്യുന്നു. അവരുടെ എണ്ണം നാല് ലക്ഷം കവിഞ്ഞിരിക്കുന്നു. സമൂഹത്തെ അന്നമൂട്ടുന്ന കർഷകർ ഭരണാധികാരികൾ കുത്തകകളുടെ ദാസ്യക്കാരാകുന്നതുകൊണ്ടുമാത്രം സൃഷ്ടിക്കപ്പെടുന്ന ജീവിതദുരിതങ്ങളിൽനിന്ന് കരകയറാനാകാതെ സ്വയം അവസാനിപ്പിക്കുന്നതിന്റെ നിലയ്ക്കാത്ത കഥകളും കദനങ്ങളും ഉയരാതൊരു നിമിഷമില്ല. മഹാരാഷ്ട്രയും വിദർഭയും അതിന്റെ ഉദാഹരണം മാത്രം. ഒരു ദിവസം 9 ആത്മഹത്യകൾ എന്നത് ഭയപ്പെടുത്തുന്ന കണക്കുതന്നെയാണ്.

പിച്ചിച്ചീന്തപ്പെടുന്ന ബാല്യകൗമാരങ്ങൾ. അതും ആൺപെൺ ഭേദമന്യേ. ഡൽഹി, ആസ്സാം, മധ്യപ്രദേശ്, ബംഗാൾ, യുപി, കത്വ, ഉന്നാവ... പട്ടിക അവസാനിക്കുന്നില്ല. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ കേരളത്തിലും ആശങ്കാജനകമാംവിധം പെരുകുന്നു. ആഗോളവൽക്കരണനയങ്ങളുടെ അനിവാര്യഫലമെന്നവണ്ണം സാംസ്കാരിക രംഗം തകർച്ചയിൽനിന്നും തകർച്ചയിലേയ്ക്ക് കൂപ്പുകുത്തുന്നു. വിദ്യാഭ്യാസരംഗത്തെ പരിഷ്ക്കാരങ്ങൾ ഈ തകർച്ചയ്ക്ക് ആക്കം വർദ്ധിപ്പിക്കുന്നു. ആധുനിക നവോത്ഥാനം മുന്നോട്ടുവച്ച, മനുഷ്യനാവുക, മനുഷ്യനെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിൽനിന്നും വിദ്യാഭ്യാസം പിന്നാക്കം പോയി. ആഗോളവത്ക്കരണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പുനർനിർവ്വചിച്ചപ്പോൾ അതിനനുസരിച്ച് ഉള്ളടക്കം

*(ശേഷം 2-ാം പേജിൽ)*




മെക്സിക്കൻ കുടിയേറ്റക്കാർക്കുനേരെ ട്രംപ് ഭരണകൂടം നടത്തുന്ന മനുഷ്യത്വരഹിതമായ നടപടികൾക്കെതിരെ ജൂൺ 25ന് ഡൽഹിയിൽ നടന്ന പ്രതിഷേധ പ്രകടനം

# തിരുവനന്തപുരത്ത് മദ്യവിരുദ്ധ സമരത്തിനുനേരെ പോലീസിന്റെ തേർവാഴ്ച

**കോവളം-കഴക്കൂട്ടം ദേശീയപാതയിൽ മുട്ടത്തറയിൽ ആരംഭിച്ച ബിവറേജസ് ഔട്‌ലെറ്റ് അടച്ചുപൂട്ടണം എന്നാവശ്യപ്പെട്ട് നൂറുദിവസമായി പ്രദേശവാസികൾ സമരത്തിലാണ്. ബഹുജന സമരം നൂറാം ദിവസത്തിലെത്തിയപ്പോൾ പോലീസിനെ ഉപയോഗിച്ച് സമരത്തെ ക്രൂരമായി അടിച്ചമർത്താനുള്ള നീക്കമാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായത്.**

ജൂൺ 27ന് രാത്രി 9 മണിക്കു ശേഷമാണ് പതിവുപോലെ സമരനേതാക്കളും പ്രവർത്തകരും പന്തലിൽനിന്നും പിരിഞ്ഞത്. രാത്രി ഏതാണ്ട് പന്ത്രണ്ടരയോടുകൂടി വൻസന്നാഹത്തോടെയെത്തിയ പോലീസ് പന്തൽ പൊളിച്ചുമാറ്റാനുള്ള നീക്കം ആരംഭിച്ചു.

ബിവറേജസ് ഔട്‌ലെറ്റിനെതിരെയുള്ള അതിശക്തമായ സമരമെന്ന നിലയിൽ സംസ്ഥാനമാകെ ശ്രദ്ധിക്കപ്പെട്ട പെരുങ്കുഴി മുട്ടത്തറ സമരത്തെ രാത്രിയുടെ മറവിൽ തകർത്തെറിയാനുള്ള നീക്കമാണ് സർക്കാർ നടത്തിയത്.

സമരപ്പന്തലും അതിനകത്തുണ്ടായിരുന്ന നൂറോളം കസേരകളും ബോർഡുകളും എല്ലാം നുള്ളിപ്പെറുക്കിയെടുത്ത് പോലീസ് നീക്കം ചെയ്ത കാഴ്ചയാണ് നേരം വെളുത്തപ്പോൾ സമരപ്രവർത്തകരും നാട്ടുകാരും കാണുന്നത്. നൂറുദിവസമായി നൂറുകണക്കിനാളുകൾ നിത്യേന ഒത്തുചേർന്നുകൊണ്ട് വമ്പിച്ച ജനപങ്കാളിത്തത്തോയെുള്ള ഒരു ബഹുജനപ്രക്ഷോഭണം നടന്നുവന്നിരുന്നതിന്റെ യാതൊരു തെളിവും അവശേഷിപ്പിക്കാതിരിക്കുവാൻ പോലീസ് പ്രത്യേകം ശ്രദ്ധിച്ചു.

പ്രദേശത്ത് നിലയുറപ്പിച്ചിരുന്ന നൂറുകണക്കിന് പോലീസുകാരും ചീറിപ്പായുന്ന പോലീസ് വാഹനങ്ങളും ഭീകരാന്തരീക്ഷം സൃഷ്ടിച്ചു. വാർത്തപരന്നയുടൻ ജനങ്ങൾ ഓടിയെത്തി. മദ്യശാലയുടെ എതിർവശത്തുള്ള ബാലകൃഷ്ണസ്വാമി ക്ഷേത്രത്തിനുമുന്നിൽ ഒത്തുകൂടിയ സമരനേതാക്കളെയും പ്രവർത്തകരെയും നാട്ടുകാരെയും പോലീസ് ഭീഷണിപ്പെടത്തുകയും വിരട്ടിയോടിക്കുകയും ചെയ്തുകൊണ്ടിരുന്നു. കൂട്ടം കൂടി നിൽക്കാൻപോലും നാട്ടുകാരെ അനുവദിച്ചില്ല.



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാകമ്മിറ്റിയംഗവും സമരസമിതി ജനറൽ കൺവീനറുമായ ആർ.ബിജു പ്രസംഗിക്കുന്നു

പോലീസിന്റെ അഴിഞ്ഞാട്ടം കണ്ട് ഭയന്ന് പലരും അമ്പലത്തി

*(ശേഷം 4-ാം പേജിൽ)*


പേജ് 3 — വിപ്ലവപാർട്ടി പ്രവർത്തകന്റെ പ്രവർത്തന ശൈലി

പേജ് 5 — അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണം

പേജ് 6 — പരീക്ഷകളെ പ്രഹസനമാക്കുന്ന വിദ്യാഭ്യാസ നയം

പേജ് 8 — അഭിമന്യു വധം: സംസ്ഥാനക്കമ്മിറ്റി പ്രസ്താവന

# ജനങ്ങൾക്കിടയിൽ നിലനിൽക്കുന്ന സഹജമായ സാഹോദര്യവും ഐക്യവും ദൃഢപ്പെടുത്തി മുന്നേറുക

(3-ാം പേജിൽ നിന്ന്)

ക്രമീകരിക്കപ്പെട്ടു. ഉള്ളുപൊള്ളയായ വിദ്യാഭ്യാസം കുട്ടികളെ അരക്ഷിതാവസ്ഥയിലേയ്ക്ക് തള്ളി. വിദ്യാഭ്യാസം സമ്പന്നർക്കുമാത്രമായി പരിമിതപ്പെടുത്തപ്പെട്ടു. മത്സരത്തിൽ പിടിച്ചു നിൽക്കാനാകാതെ ആത്മഹത്യയിലും കൗൺസിലിംഗ് സെന്ററുകളിലും അഭയം തേടുന്ന കുട്ടികളുടെ എണ്ണം പെരുകി. സമൂഹത്തെ ആകമാനം ഗ്രസിച്ചിരിക്കുന്ന ജീർണ്ണതകളിലേയ്ക്ക് ആണ്ടുമുങ്ങിപ്പോകുന്ന കുഞ്ഞുങ്ങൾക്ക് ജീവിതം തന്നെ കൈവിട്ടുപോകുന്നു.

അവശ്യനിത്യോപയോഗ സാധനങ്ങളുടെ നിത്യേനയുള്ള വിലവർദ്ധനവ് സാധാരണക്കാരന്റെ എല്ലാ കണക്കുകൂട്ടലുകളും തെറ്റിക്കുകയാണ്. ആരോഗ്യപരിപാലനത്തിനും ജനങ്ങൾക്ക് ആശ്രയിക്കാവുന്ന സർക്കാർ സംവിധാനങ്ങളില്ല. മതിയായ ചികിത്സ ലഭിക്കാതെ കുഞ്ഞുങ്ങൾ ഉൾപ്പെടെ സാധുക്കൾ പിടഞ്ഞു മരിക്കുന്നു എന്ന വാർത്തയും നടുക്കം നഷ്ടപ്പെടുംവിധം സാധാരണമായിരിക്കുന്നു. ചികിത്സ ചെലവേറിയതാകുമ്പോൾ സാധാരണക്കാരന് ഉള്ള കിടപ്പാടം പോലും നഷ്ടപ്പെടുന്നതിന്റെയും വാർത്തകൾ വരുന്നു.

120 കോടി ജനങ്ങളുള്ള ഒരു രാജ്യത്ത് ഇനിമേൽ സ്ഥിരം തൊഴിലില്ല എന്ന് പറയുവാനും നരേന്ദ്രമോദി നേതൃത്വം നൽകുന്ന സർക്കാരിന് ധൈര്യം ഉണ്ടായിരിക്കുന്നു. അതിനെയും ചോദ്യം ചെയ്യാൻ ഏഷ്യയിലെതന്നെ എണ്ണത്തിൽ മുന്നിൽ നിൽക്കുന്ന സംഘടനകളുണ്ടായിട്ടും ആരും മുന്നോട്ടുവന്നില്ല. നോട്ടുനിരോധനവും ജിഎസ്ടിയും ചില്ലറ വ്യാപാര രംഗത്ത് നൂറു ശതമാനം വിദേശ നിക്ഷേപം അനുവദിക്കാനുള്ള തയ്യാറെടുപ്പുംപോലെ ജനങ്ങളെ സമ്പൂർണ്ണ നിരാശ്രയത്വത്തിലേയ്ക്ക് തള്ളുന്ന നയങ്ങൾ വന്നിട്ടും സംഘടിത പ്രസ്ഥാനങ്ങൾ ദേശീയ തലത്തിലും സംസ്ഥാനതലങ്ങളിലും വേണ്ടുവോളം ഉണ്ടായിട്ടും ശക്തമായ ഒരു പ്രതിഷേധം എവിടെയും കണ്ടില്ല. പെട്രോൾ, ഡീസൽ, പാചകവാതകം ഇവയുടെ വില ഒരു നിയന്ത്രണവുമില്ലാതെ ദിനേന കുതിച്ചുയരുകയാണ്. കാടും കടലും കരിമണലും എല്ലാം കുത്തകകൾ കൈവശപ്പെടുത്തുകയും ജനങ്ങൾ കുടിയിറക്കപ്പെടുകയും ചെയ്യുന്നു.

കുത്തകകൾ ആസ്തി വർദ്ധിപ്പിക്കുകയും ജനങ്ങൾ കൂടുതൽ പാപ്പരാകുകയും ചെയ്യുന്നു. ഓക്സ്ഫാമിന്റെ വാർഷിക സർവ്വേ റിപ്പോർട്ടനുസരിച്ച് ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കപ്പെട്ട സമ്പത്തിൽ 73 ശതമാനവും കൈയടക്കിയത് 1ശതമാനം വരുന്ന അതിസമ്പന്നരാണ്. രാജ്യത്തെ 77ശതമാനം വരുന്ന ദരിദ്രരുടെ സമ്പത്തിൽ കഴിഞ്ഞ വർഷമുണ്ടായ വർദ്ധന വെറും 1ശതമാനം മാത്രവും. 2017ൽ ഇന്ത്യയിലെ 1ശതമാനം വരുന്ന സമ്പന്നരുടെ സ്വത്ത് 20.9ലക്ഷം കോടിയിലേറെ വർദ്ധിച്ചു. കേന്ദ്രസർക്കാരിന്റെ ആകെ ബജറ്റിലെ തുകയ്ക്ക് തുല്യമാണിത്. സാമ്പത്തിക അസമത്വത്തിന്റെ തീവ്രതയാണ് ഇതല്ലാം വെളിവാക്കുന്നത്.

നിരവധി ജീവിതപ്രശ്നങ്ങളാൽ നട്ടംതിരിയുമ്പോൾ ജനങ്ങൾ ഒറ്റക്കെട്ടായി മുന്നോട്ടുവരാനുള്ള സാദ്ധ്യതകൾ തിരിച്ചറിയുന്ന ഭരണാധികാരികൾ അവരെ ജാതിയുടെയും മതത്തിന്റെയും ഭാഷയുടെയും പ്രദേശത്തിന്റെയും പേരിൽ പല തട്ടിലാക്കി നിർത്താനുള്ള ആസൂത്രിതമായ നീക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. വർഗ്ഗീയതയും ദേശഭ്രാന്തും ഭരണാധികാരികൾ നിരന്തരം ഉപയോഗിക്കുന്ന ആയുധങ്ങളായി മാറിയിരിക്കുന്നു. പശുവിന്റെപേരിൽ ഇന്ത്യയിൽ കൊല്ലപ്പെട്ടത് 34പേരാണ്. ബിജെപി കേന്ദ്രത്തിൽ അധികാരത്തിൽ വന്നതിനുശേഷം ആസൂത്രിത വർഗ്ഗീയകലാപങ്ങൾ നൂറു കണക്കിനാണ് നടക്കുന്നത്. ജനങ്ങളുടെ അജ്ഞത മുതലെടുത്ത് വർഗ്ഗീയ വികാരങ്ങളെ ഊതിപ്പടർത്തുകയും യുക്തിബോധം ഇല്ലാതെയാക്കാൻ ശാസ്ത്രവിരുദ്ധ പ്രചാരണങ്ങൾ നടത്തുകയും ചെയ്യുന്നു.



പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടന പ്രസംഗം നടത്തുന്നു

**ആഹാരം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി ജനങ്ങളുടെ അടിസ്ഥാനാവശ്യകതകൾ പൂർത്തീകരിക്കുവാൻ ബാദ്ധ്യതപ്പെട്ട സർക്കാരുകൾ ജനതാൽപര്യം ബലികഴിച്ചുകൊണ്ട് വൻകിട സ്വകാര്യവ്യവസായികളുടെ പാദസേവകരായി അധ:പതിച്ചിരിക്കുന്ന ഇന്ന് പതിതമായ ജീവിതാവസ്ഥയ്ക്കെതിരെ ആത്മാഭിമാനത്തോടെ ഉണർന്നുപൊരുതുവാൻ ജനങ്ങൾ സ്വമേധയാ തയ്യാറാകേണ്ടതാണ്.**

ആത്മാഭിമാനത്തോടെ തലയുയർത്തി മനുഷ്യനായി ഇന്ന് നിലകൊള്ളണമെങ്കിൽ ചെറുത്തുനിൽക്കുക എന്നത് മാത്രമാണ് മനുഷ്യന്റെ മുന്നിലുള്ള ഒരേയൊരു മാർഗ്ഗം. കമ്പോളത്തിന്റെയും അതിനെ നിയന്ത്രിക്കുന്ന ധനശക്തികളുടെയും അവരുടെ സംരക്ഷകരായ ഭരണാധികാരികളുടെയും കടന്നാക്രമണങ്ങളെ പ്രതിരോധിക്കാൻ ബോധമുള്ള മനുഷ്യൻ സ്വീകരിക്കേണ്ടുന്ന നിലനിൽപ്പിന്റെ സമ്പ്രദായമാണത്.

കക്ഷി രാഷ്ട്രീയത്തിനും ജാതി മതചിന്താഗതികൾക്കുമതീതമായ സ്വന്തം പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് സന്ധിയില്ലാതെ ജനങ്ങൾ ഒറ്റക്കെട്ടായി അണിനിരപ്പോൾ വിജയം ജനങ്ങളോടൊപ്പമായിരുന്നു. സിംഗൂരും നന്ദിഗ്രാമും മൂലമ്പിള്ളിയും വിളപ്പിൽശാലയും ചെങ്ങറയും തൂത്തുക്കുടിയുമെല്ലാം നമ്മുടെ മുന്നിലെ തിളങ്ങുന്ന ഉദാഹരണങ്ങൾ മാത്രമാണ്. കേരളത്തിൽ ജനങ്ങളുടെ പ്രതിരോധത്തെ കഴിഞ്ഞ കാൽനൂറ്റാണ്ടായി മുന്നിൽ നിന്നു നയിച്ചുകൊണ്ട് സജീവമാണ് കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി.

### കേരള സംസ്ഥാന ജനകീയ പ്രതിരോധ പ്രസ്ഥാനം മുന്നോട്ട്

1992 ആഗസ്റ്റ് 25ന് പിറവിയെടുത്ത കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി രണ്ടര പതിറ്റാണ്ട് കാലത്തെ സമരപന്ഥാവിൽ പുതിയ മുന്നേറ്റങ്ങൾക്ക് തയ്യാറെടുക്കുകയാണ്. പ്രതിരോധ സമിതിയുടെ ആവിർഭാവം കേരളത്തിലെ ജനകീയ സമരമണ്ഡലങ്ങളിൽ സൃഷ്ടിച്ച ചലനം വമ്പിച്ചതായിരുന്നു. ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യരും ലക്ഷ്മി എൻ.മേനോനും ആർ.എം.മനയ്ക്കലാത്തും ബിഷപ്പ് പൗലോസ് മാർ പൗലോസും പവനനും കെ.പാനൂരും പി.പി.ഉമ്മർകോയയുമൊക്കെ നേതൃനിരയിൽ അണിനിരന്ന് നടത്തിയ പ്രക്ഷോഭങ്ങൾ കേരളചരിത്രത്തിലെ അവിസ്മരണീയ ഏടുകളാണ്.

ജനകീയ പ്രതിരോധ സമിതിയുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് അംഗീകരിച്ച പ്രവർത്തന പരിപാടിയിൽ ഇങ്ങനെ പറയുന്നു: 'ജനങ്ങളുടെമേൽ വന്നുപതിക്കുന്ന ആക്രമണങ്ങൾക്കെതിരെ ജാതി-മത-സാമുദായിക ചിന്താഗതികൾക്കും സങ്കുചിത കക്ഷി രാഷ്ട്രീയ സമീപനങ്ങൾക്കും അതീതമായി ഐക്യത്തോടെ പോരാടാൻ ഏവർക്കും അണിനിരക്കാവുന്ന വേദിയായിരിക്കും ജനകീയ പ്രതിരോധ സമിതി. സത്യസന്ധതയും അർപ്പണബോധവും ജനകീയ താൽപ്പര്യങ്ങളോട് കൂറും ജനകീയ ശക്തിയിൽ അചഞ്ചലമായ വിശ്വാസവും സാമൂഹ്യപ്രശ്നങ്ങളോട് പ്രതികരിക്കുവാൻ ആത്മാർത്ഥമായ ഉത്സാഹമുള്ള ഏതൊരാൾക്കും ആചാരാനുഷ്ഠാന വൈജാത്യങ്ങൾക്കും വീക്ഷണ വൈവിധ്യങ്ങൾക്കും ഉപരിയായി ഇതിൽ പ്രവർത്തിക്കാം. വിവിധങ്ങളായ കാരണങ്ങളാൽ, ജനങ്ങൾക്കിടയിൽ നിലനിൽക്കുന്ന അഭിപ്രായ വ്യത്യാസങ്ങൾ പെരുപ്പിച്ചെടുക്കുക എന്നതല്ല, മറിച്ച്, ജീവിതസാഹചര്യം ജനങ്ങൾക്ക് സഹജമായി നൽകുന്ന ഐക്യത്തെ ദൃഢപ്പെടുത്തി മുന്നേറുക എന്നതിലാണ് ജനകീയ പ്രതിരോധ സമിതിയുടെ ഊന്നൽ. അനവധി അഭിപ്രായഭേദങ്ങൾക്കിടയിലും കഷ്ടതയനുഭവിക്കുന്നവർക്ക് ഒത്തുചേരാൻ, അവരുടെ താൽപ്പര്യങ്ങളെ തമ്മിൽ കോർത്തിണക്കാൻ ഉതകുന്ന പ്രശ്നങ്ങൾ സമൂഹത്തിലുണ്ട്. വിശദീകരണം ആവശ്യമില്ലാത്തവിധം സ്പഷ്ടവും പ്രകടവും സർവ്വസമ്മതവുമായ അത്തരം വിഷയങ്ങളെ അധികരിച്ചുകൊണ്ട് ജനൈക്യത്തിന്റെ കരുത്തു വർദ്ധിപ്പിച്ചെടുക്കുക എന്നതാണ് ജനകീയ പ്രതിരോധ സമിതി ചെയ്യുന്നത്.'

ഇന്ന് രാജ്യം നേരിടുന്ന വൻ സാമൂഹ്യപ്രശ്നങ്ങൾക്കെതിരായി ശരിയായ ദിശയിലൂടെ ജനകീയ പ്രക്ഷോഭങ്ങൾ സങ്കുചിത കക്ഷിരാഷ്ട്രീയത്തിനും ജാതി-മത-ചിന്തകൾക്കും അതീതമായി വളർത്തിയെടുക്കാൻ പ്രതിരോധ സമിതി സദാ ജാഗ്രതയോടെ സാമൂഹ്യമണ്ഡലങ്ങളിൽ കർമ്മനിരതമായി നിൽക്കുന്നു. മുൻകാലങ്ങളിൽ, പ്രതിരോധ സമിതി നടത്തിയ പ്രക്ഷോഭങ്ങളുടെ കരുത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ജനദ്രോഹ നയങ്ങൾ പലതും പിൻവലിക്കേണ്ടി വന്നിട്ടുണ്ട്. കരിമണൽ ഖനന വിരുദ്ധ സമരം, വിഴിഞ്ഞം കുടിയൊഴിപ്പിക്കൽ വിരുദ്ധ സമരം, ഗ്ലോബൽ ഇൻവെസ്റ്റർ മീറ്റിനെതിരെ നടത്തിയ സമരം, മൂലമ്പള്ളിയിലെ കുടിയൊഴിപ്പിക്കലിനെതിരായ സമരം തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രം. ഡി.പി.ഇ.പിയ്ക്കെതിരെ ജനകീയ പ്രതിരോധ സമിതി ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യരുടെ നേതൃത്വത്തിൽ വളർത്തിയെടുത്ത ജനകീയ പ്രക്ഷോഭം ഐതിഹാസികമായിരുന്നു. വർഗ്ഗീയതയ്ക്കെതിരെ മതേതര വിശ്വാസികളെ സംഘടിപ്പിച്ചുകൊണ്ട് കേരളമെമ്പാടും നടത്തിയ മതേതര മുന്നേറ്റവും ചരിത്രത്തിൽ ഇടം നേടിയവ തന്നെ.

ഗോഹത്യയുടെ പേരിൽ നരഹത്യ നടത്തുന്ന സംഘപരിവാറിന്റെ മനുഷ്യത്വഹീനമായ പദ്ധതികൾക്കെതിരെ ഇപ്പോൾ പ്രതിരോധ സമിതി മനുഷ്യസംഗമങ്ങൾ സംഘടിപ്പിച്ചുവരുന്നു. പ്രാദേശികമായ നിരവധി പ്രക്ഷോഭപ്രവർത്തനങ്ങളിലും സമിതി സജീവമാണ്. എന്നാൽ, കൂടുതൽ കരുത്തുറ്റതും ഏകോപിതവുമായ വിധത്തിൽ സംസ്ഥാന-ജില്ലാതലങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ സമിതി തീരുമാനമെടുത്ത നേതൃയോഗമാണ് ജൂൺ 29ന് എറണാകുളത്ത് നടന്നത്.

ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കേരളത്തിലെ തലമുതിർന്ന പ്രതിരോധ സമിതി നേതാക്കൾ പങ്കെടുത്തു. പ്രൊഫ.കെ.അരവിന്ദാക്ഷൻ, അഡ്വ.മഞ്ചേരി സുന്ദർരാജ്, അഡ്വ.മാത്യു വേളങ്ങാടൻ, ഡോ.ഡി.സുരേന്ദ്രനാഥ്, പ്രൊഫ.വിൻസന്റ് മാളിയേക്കൽ, പ്രൊഫ.എ.ജയിംസ്, ജയ്സൺ ജോസഫ്, അഡ്വ. അബ്ദുറഹ്മാൻ, വിളയോടി വേണുഗോപാൽ, ടി.ബി.വിശ്വനാഥൻ, പ്രൊഫ.വിശ്വമംഗലം സുന്ദരേശൻ, ദേശാഭിമാനി ഗോപി, ടി.കെ.സുധീർകുമാർ തുടങ്ങിയവരും മറ്റ് പ്രമുഖ ജില്ലാനേതാക്കളും യോഗത്തിൽ പങ്കെടുത്തു.

പ്രൊഫ.കെ അരവിന്ദാക്ഷൻ ഉദ്ഘാടന പ്രസംഗം നടത്തി. സമകാലിക സാഹചര്യങ്ങളെ സംബന്ധിച്ച പ്രമേയം ജയ്സൺ ജോസഫ് അവതരിപ്പിച്ചു. ജുഡീഷ്യറിയെ ഭരണകൂടത്തിന്റെ ദാസ്യത്തിലാക്കി മാറ്റുന്ന വിപൽക്കരമായ പ്രവണതകളെക്കുറിച്ച് അഡ്വ. മഞ്ചേരി സുന്ദർരാജും അഡ്വ. മാത്യു വേളങ്ങാടനും വിശദീകരിച്ചു. രാജ്യം നേരിടുന്ന പൗരാവകാശ ധ്വംസനങ്ങൾക്കും ജനാധിപത്യ ലംഘനങ്ങൾക്കുമെതിരായി ജനകീയ പ്രതിരോധ പ്രസ്ഥാനം താഴെത്തട്ടിൽ നിന്നും വളർത്തിയെടുക്കാൻ യോഗം തീരുമാനിച്ചു. അതിനായുള്ള കർമ്മപരിപാടി എൻ.കെ.ബിജു അവതരിപ്പിച്ചു.

പെട്രോൾ വിലവർദ്ധനവ്, വിലക്കയറ്റം, അഴിമതി, വർഗ്ഗീയത, ദേശഭ്രാന്ത് സൃഷ്ടിക്കുന്ന നയങ്ങൾ, വിദ്യാഭ്യാസ-ആരോഗ്യ മേഖലയിലെ വാണിജ്യവൽക്കരണം എന്നിവയ്ക്കെല്ലാമെതിരെ ബഹുജന പ്രതിരോധ പ്രസ്ഥാനം താഴെത്തട്ടിൽ കെട്ടിപ്പടുക്കാനും യോഗം തീരുമാനിച്ചു.

### പ്രൊഫ. കെ.അരവിന്ദാക്ഷൻ പ്രസിഡന്റ്, ഷാജർഖാൻ ജനറൽ സെക്രട്ടറി

സമിതിയുടെ അധ്യക്ഷസ്ഥാനത്തേക്ക് പ്രൊഫ.കെ.അരവിന്ദാക്ഷനെ ഐകകണ്ഠ്യേന യോഗം തെരഞ്ഞെടുത്തു. ജനറൽ സെക്രട്ടറിയായി എം. ഷാജർഖാനെയും തെരഞ്ഞെടുത്തു. വൈസ് പ്രസിഡന്റുമാരായി ബിഷപ്പ് ഗീർവർഗ്ഗീസ് മാർ കൂറിലോസ് മെത്രോപ്പൊലീത്ത, ഡോ.വി.വേണുഗോപാൽ, അഡ്വ.മഞ്ചേരി സുന്ദർരാജ്, അഡ്വ.മാത്യു വേളങ്ങാടൻ, ഡോ.ഡി.സുരേന്ദ്രനാഥ്, ജയ്സൺ ജോസഫ്, പ്രൊഫ. സൂസൻ ജോൺ, പ്രൊഫ.വിൻസന്റ് മാളിയേക്കൽ, എ.ജയിംസ് എന്നിവരെ തെരഞ്ഞെടുത്തു. കൂടാതെ 56 പേരടങ്ങിയ എക്സിക്യൂട്ടീവ് കമ്മിറ്റിയെയും 15 അംഗ സെക്രട്ടേറിയറ്റിനെയും തെരഞ്ഞെടുത്തു.

പ്രൊഫ.വിശ്വമംഗലം സുന്ദരേശൻ, ടി.ബി.വിശ്വനാഥൻ, ആല വാസുദേവൻപിള്ള, പ്രൊഫ.സി.ഹരിദാസൻ, മുതലാംതോട് മണി, പ്രൊഫ.ജോയി മൈക്കിൾ, ഡോ. സത്യാനന്ദൻ നായർ, വിളയോടി വേണുഗോപാൽ, പ്രൊഫ.സി.വി കുമാരൻ, ജി. നാരായണൻ, ഗീരിശൻ, ഡോ. എസ്.ശങ്കർ, പി.എം.ദിനേശൻ, ടി. കെ. ബോസ്, എ.പി.അഹമ്മദ്, പ്രേംരാജ്ചെറുകര, രാജു കൊന്നനാൽ, ഹംസമാഷ്, അഡ്വ.ഒ.ഹാരിസ്, ദേശാഭിമാനി ഗോപി, ഫ്രാൻസിസ് കളത്തുങ്കൽ, എസ്.ബുർഹാൻ, ബി. ദിലീപൻ, സ്ളീബാ ദാസ്, പാർത്ഥസാരഥി വർമ്മ, ജോർജ് മുല്ലക്കര, എം.എസ്.മധു, ജബ്ബാർ മേത്തർ, എൽ.ഹരിറാം, ഡോ.പി.എസ്.ബാബു, ഷൈല.കെ.ജോൺ, എസ്.രാജീവൻ, കെ.കെ.ഗോപിനായർ, രാമചന്ദ്രൻ നായർ, ഡോ.ജ്യോതിരാജ്, രവീന്ദ്രൻ ചിയ്യാരത്ത്, എസ്.മിനി, എം.എ.പുഷ്പ, ടി.ജെ.ഡിക്സൺ, ഉദയകുമാർ, കെ.ജി.അനിൽകുമാർ, ഡോ.ഷാജഹാൻ, കെ.പി.സജി, ജി. ആർ.സുഭാഷ്, ഇ.വി.പ്രകാശ്, ധ്രുവകുമാർ, പ്രൊഫ.പി.എൻ.തങ്കച്ചൻ, അഡ്വ.എം.എ ബിന്ദു, ടി.മുരളി എന്നിവരുൾപ്പെടെ 56 പേരടങ്ങുന്ന പാനലാണ് യോഗം അംഗീകരിച്ചത്.

സെക്രട്ടേറിയറ്റ് അംഗങ്ങളായി ജോർജ്മാത്യുകൊടുമൺ, ടി.കെ.സുധീർകുമാർ, എൻ.ആർ.മോഹൻകുമാർ, ജ്യോതികൃഷ്ണൻ, വി.കെ.സദാനന്ദൻ, അബ്ദുൽ അസീസ്, കെ.കെ.സുരേന്ദ്രൻ, എ.ശേഖർ, എസ്.സീതിലാൽ, എൻ.കെ.ബിജു, അഡ്വ. ഇ.എൻ.ശാന്തിരാജ്, ആർ.ബിജു, എം. പ്രദീപൻ, പി.കെ.പ്രഭാഷ് എന്നിവരെ തെരഞ്ഞെടുത്തു. എസ്.സീതിലാൽ പാനൽ അവതരിപ്പിച്ചു. എം.ഷാജർഖാൻ സ്വാഗതവും പ്രൊഫ. പി.എൻ. തങ്കച്ചൻ നന്ദിയും പറഞ്ഞു ●

# വിപ്ലവപാർട്ടിപ്രവർത്തകന്റെ പ്രവർത്തന ശൈലിയെപ്പറ്റി

**സൈദ്ധാന്തിക പാഠങ്ങൾ** തെരഞ്ഞെടുത്ത കൃതികൾ – സഖാവ് ശിബ്ദാസ് ഘോഷ്, വാല്യം 4 പേജ് 611

**ഉചിതമായ വിധത്തിലുള്ള സംഘടനാപരമായ തയ്യാറെടുപ്പ് നടത്തുകയും തൊഴിലാളി വർഗ്ഗ പാർട്ടിയിലെ നേതാക്കളിലും പ്രവർത്തകരിലും വിപ്ലവസ്വഭാവം വളർത്തുകയും ചെയ്യുകയെന്ന അടിയന്തിരാവശ്യകതയ്ക്ക് സഖാവ് ശിബ്ദാസ് ഘോഷ് എല്ലായ്പ്പോഴും മുൻഗണന നൽകിയിരുന്നു. ലോക സാമ്രാജ്യത്വത്തിനും ഇന്ത്യൻ മുതലാളിത്തത്തിനും എതിരെ വർഗ്ഗ–ബഹുജന സമരങ്ങൾ വളർത്തിയെടുക്കേണ്ടുന്ന സാഹചര്യത്തിൽ, പാർട്ടി സംഘടനാപരമായ പ്രവർത്തനവുമായി ബന്ധപ്പെട്ട വിവിധങ്ങളായ വിഷയങ്ങൾ അദ്ദേഹം ഇവിടെ സമഗ്രമായി പ്രതിപാദിക്കുന്നു; ദൈനംദിന പാർട്ടി പ്രവർത്തനങ്ങളിൽ സംഭവിക്കുന്ന പരിമിതികളും ദൗർബ്ബല്യങ്ങളും പരിഹരിക്കുന്നതിനുള്ള മൂർത്തമായ നടപടികളെപ്പറ്റിയും സഖാക്കൾ സ്വീകരിക്കേണ്ടുന്ന പ്രവർത്തനശൈലിയെപ്പറ്റിയും വിശദമാക്കുന്നു.**

പ്രായോഗികമായി എല്ലാ തലങ്ങളിലും കാണപ്പെടുന്ന പ്രധാനപ്പെട്ട സംഘടനാപരമായ ദൗർബ്ബല്യങ്ങൾ എങ്ങനെ പരിഹരിക്കാം എന്നതിനെപ്പറ്റിയാണ് നാം ചർച്ച ചെയ്യുന്നത്. പാർട്ടി കെട്ടിപ്പടുക്കുന്നതിനുവേണ്ടിയുള്ള പോരാട്ടത്തിന്റെ ചരിത്രത്തിൽ നിർണ്ണായകപ്രാധാന്യമുള്ള ഒരു സന്ദർഭത്തിലാണ് ഈ ദൗർബ്ബല്യങ്ങൾ പ്രകടമായി അനുഭവപ്പെടുന്നത്. അതിന്റെ രാഷ്ട്രീയമായ പ്രസക്തിയെ സംബന്ധിച്ച് നാം ശരിയായി മനസ്സിലാക്കുകയാണെങ്കിൽ, അഥവാ, നമ്മെ പിന്തള്ളാനുള്ള എതിർശക്തികളുടെ പ്രവണതകളോ ആക്രമണ മനോഭാവമോ സൃഷ്ടിക്കുന്ന വിഷമതകൾ മൂലം നാം ആശയക്കുഴപ്പത്തിൽപ്പെടുന്നില്ലായെങ്കിൽ, ഇത് നമുക്ക് വളരെ മോശമായ ഒരു ഘട്ടമാണെന്ന് കരുതാൻ ഒരു ന്യായവുമില്ല. ഒരുവശത്തുള്ളത് വലിയ തടസ്സങ്ങളും ധാരാളം പ്രയാസങ്ങളുമാണ്. മറുവശത്ത് പാർട്ടിയുടെ അന്തസ്സ്, പാർട്ടിയുടെ വിശകലനങ്ങളോടുള്ള താൽപ്പര്യം അതായത് ജനമനസ്സുകളിൽ വളർന്നുവരുന്ന പാർട്ടിയോടുള്ള താൽപ്പര്യം, പാർട്ടിയുടെ വിപുലീകരണത്തിന്റെ സാധ്യത എന്നിവയാണ്. ഇവ കൃത്യമായി മനസ്സിലാക്കുകയാണെങ്കിൽ പാർട്ടിയുടെ വളർച്ചയുടെ ചരിത്രത്തിലെ ഒരു സുവർണ്ണാവസരമാണിതെന്ന് തിരിച്ചറിയാൻ നമുക്ക് കഴിയും. മറ്റ് വാക്കുകളിൽ പറഞ്ഞാൽ, ഇപ്പോഴത്തെ സാഹചര്യങ്ങളെ ശരിയായ രീതിയിൽ പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയുകയാണെങ്കിൽ, കഴിഞ്ഞ കാലങ്ങളെയെല്ലാം അപേക്ഷിച്ച്, ഈ സമയം നമുക്ക് വളരെ നല്ലതാണ്. നല്ലത് എന്നതിനർത്ഥം, എതിർപ്പ് കാര്യമായില്ല എന്നല്ല. നല്ല സമയം എന്നുവച്ചാൽ, എല്ലാ രംഗങ്ങളിലും എതിർപ്പുകളെ രാഷ്ട്രീയമായി നേരിടാനും പാർട്ടി സംഘടനകളെയും ജനകീയ കമ്മിറ്റികളെയും ശരിയായ രീതിയിൽ വളർത്തിയെടുക്കാനും വേണ്ടി പാർട്ടിയുടെ പ്രവർത്തകർ ഓജസ്സും പ്രവർത്തനശേഷിയും രാഷ്ട്രീയ അവബോധവും പക്വതയും പ്രദർശിപ്പിക്കുകയാണെങ്കിൽ, വളരാൻ പറ്റിയ വളരെ നല്ല സന്ദർഭം എന്നാണ്. നാം പറയുന്നത് കേൾക്കാൻ ജനങ്ങൾ ആഗ്രഹിക്കുന്നു എന്നതാണ് അതിനു കാരണം. വളരെ മൃദുവായ വികാരവായ്പാണ് അവർക്ക് നമ്മളോടുള്ളത്. ജനങ്ങൾക്കിടയിൽ മാത്രമല്ല, എതിർപ്പുകളെല്ലാമുണ്ടെങ്കിലും, എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്)-ന്റെ വിശകലനങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ സ്വാധീനിച്ചിട്ടുള്ള മറ്റ് പാർട്ടികളിലെ അണികൾക്കിടയിൽപ്പോലും അതങ്ങനെയാണ്. നിരവധി ലക്ഷണങ്ങളിൽനിന്ന് നമുക്കത് കാണാനാകും.

അതുകൊണ്ട്, ഈ ഘട്ടത്തിൽ നമ്മുടെ പാർട്ടി അണികളെ കൂടുതൽ അടുപ്പിച്ചുനിർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഓരോ പാർട്ടി പ്രവർത്തകന്റെയും വ്യക്തിഗത മുൻകൈ വർദ്ധിപ്പിക്കുകയും രാഷ്ട്രീയ അവബോധം ഉയർത്തുകയും വേണം. രാഷ്ട്രീയപ്രവർത്തനം നടത്തുന്നതിലുള്ള കഴിവും മൊത്തത്തിൽ കൂട്ടായി നിലകൊള്ളാനുള്ള ശൈലിയും പ്രവർത്തനശൈലിയുമെല്ലാം ഓരോരുത്തരിലും കൂടുതൽ മെച്ചപ്പെടുത്തുകയും സാഹചര്യം ആവശ്യപ്പെടുന്ന തരത്തിൽ പര്യാപ്തമാക്കുകയും വേണം. ഇപ്പോൾ നമ്മുടെ പ്രധാന ദൗത്യം ഇതാണ്. പ്രവർത്തനത്തിന്റെ വേഗത വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി, എല്ലാ തലങ്ങളിലും എന്താണ് ചെയ്യേണ്ടത് എന്നതിനെപ്പറ്റിയാണ് ഞാൻ പ്രതിപാദിക്കാൻ പോകുന്നത്. എല്ലാവരും പ്രത്യേകിച്ചും നേതൃനിരയിലുള്ള സഖാക്കൾ ഇതിന് പ്രത്യേകശ്രദ്ധ നൽകണം. എല്ലാ പാർട്ടിപ്രവർത്തകരും രാഷ്ട്രീയ പ്രക്ഷോഭണങ്ങളുടെയും ദൈനംദിന ജീവിതത്തിലെ വിവിധ സമരങ്ങളുടെയും മണ്ഡലങ്ങളിലും വിവിധങ്ങളായ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിലും രാഷ്ട്രീയവും സംഘടനാപരവുമായ അവരുടെ വ്യക്തിഗത മുൻകൈ വർദ്ധിക്കുംവിധം ഓരോരുത്തരും അവരവരുടെ രാഷ്ട്രീയമായ മുൻകൈ വർദ്ധിപ്പിക്കാനും രാഷ്ട്രീയമായ ബോധനിലവാരം ഉയർത്താനും പരിശ്രമിക്കണം. ഇതിനർത്ഥം ഓരോ സമയത്തും നേതാക്കൾ നൽകുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കുകയും പറയുന്നത് കേൾക്കുകയും ചെയ്തതിനുശേഷം അതിൻ പ്രകാരം പ്രവർത്തിക്കുക എന്നതല്ല. നിർദ്ദേശങ്ങൾ വരുമ്പോൾ ഒരാൾ വിവേകപൂർവ്വം പ്രവർത്തിക്കുക എന്നതും നിർദ്ദേശങ്ങൾ ഉണ്ടാകാതിരിക്കുന്ന സാഹചര്യത്തിൽ അയാൾ സ്വന്തം ചിന്ത ഉപയോഗിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നതും അത് ഒരുപോലെ അർത്ഥമാക്കുന്നു. ഒരു ചോദ്യം ഉയർന്നുവരുമ്പോൾ, അതിന് എനിക്ക് സ്വന്തം നിലയിൽ ഉത്തരം നൽകാൻ സാധിക്കണം; നേതാക്കളുടെ അടുത്തേക്ക് പാഞ്ഞുചെല്ലേണ്ട ആവശ്യമുണ്ടാവരുത്. ഞാൻ ചില തെറ്റുകൾ വരുത്തിയേക്കാം; പക്ഷെ ഞാൻ സ്വയം അതിൽനിന്ന് പഠിക്കണം, അല്ലെങ്കിൽ മറ്റുള്ളവർ അത് ചൂണ്ടിക്കാട്ടും. ഇപ്രകാരം ഞാൻ എന്നെത്തന്നെ സജ്ജമാക്കണം. ഒരു പാർട്ടി പ്രവർത്തകൻ ഒരു ചോദ്യത്തെ അഭിമുഖീകരിക്കുമ്പോൾ, അതിന് ഉത്തരം കണ്ടെത്താൻ സ്വന്തം നിലയിലുള്ള പരിശോധന ഒഴിവാക്കി നേതാക്കളുടെ അടുത്തേക്ക് ഓടിയെത്തുകയാണെങ്കിൽ, മറുചോദ്യങ്ങളുയരുന്ന പക്ഷം അയാൾക്ക് അമ്പരപ്പാണ് തോന്നുന്നതെങ്കിൽ അയാൾക്ക് അവശ്യംവേണ്ടുന്ന അവബോധത്തിന്റെ അഭാവത്തെയാണ് അത് സൂചിപ്പിക്കുന്നത്, ആ പാർട്ടി പ്രവർത്തകനെ ശരിയായ രീതിയിൽ നാം പരിശീലിപ്പിച്ചിട്ടില്ല എന്നാണ് അത് സൂചിപ്പിക്കുന്നത്. രണ്ടാമത്തെ വിഷയം, നമ്മുടെ പാർട്ടിയിൽ നിലനിൽക്കുന്ന കൂട്ടായി പ്രവർത്തിക്കുന്ന ശൈലിയാണ്. ഓരോരുത്തരുടെയും വ്യക്തിഗത മുൻകൈ കൂടുതൽ വർദ്ധിക്കുംവിധം ഈ കൂട്ടായ പ്രവർത്തനശൈലി ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. പ്രവർത്തനത്തിന്റെ വേഗത എങ്ങനെ വർദ്ധിപ്പിക്കണമെന്നും, വ്യക്തിഗത മുൻകൈയും കൂട്ടായ സംഘടനാ പ്രവർത്തനവും ശക്തിപ്പെടുത്തുന്നതിനുവേണ്ടി എന്ത് നടപടികൾ കൈക്കൊള്ളണമെന്നും ഏത് ശൈലി അനുവർത്തിക്കണമെന്നും കണ്ടുകൊണ്ട് നാം നമ്മുടെ പ്രവർത്തനശൈലി മെച്ചപ്പെടുത്തണം. മറ്റ് നേതാക്കൾ എത്രത്തോളം ഇതേപ്പറ്റി ചിന്തിക്കുന്നുണ്ടെന്ന് എനിക്കറിയില്ല, പക്ഷെ ഞാൻ ഇത് വളരെയധികം ചിന്തിക്കുന്നുണ്ട്. ആവശ്യകതയുമായി തട്ടിച്ചുനോക്കുമ്പോൾ നാം വളരെ പിന്നിലാണെന്നാണ് എനിക്ക് അനുഭവപ്പെടുന്നത്. ഇന്ത്യ എന്ന ഈ വലിയ രാജ്യത്ത് നാം ഇപ്പോഴും തീരെ ചെറിയ ഒരു ശക്തിയാണ്. നാം ആവശ്യപ്പെട്ടാലും ഇല്ലെങ്കിലും, നിലവിലുള്ള സാഹചര്യത്തിൽ, ചരിത്രപരമായ ഒരു ഉത്തരവാദിത്തം നമ്മിൽ അർപ്പിതമായിരിക്കുന്നു. ഈ ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞുമാറുകയും അങ്ങനെ ചരിത്രത്തിൽനിന്ന് ഭീരുക്കളെപ്പോലെ അപ്രത്യക്ഷമാവുകയും ചെയ്യുക എന്നതാണ് ഒരു മാർഗ്ഗം. ഈ ചരിത്രദൗത്യം മനുഷ്യനെപ്പോലെ, ഒരു വിപ്ലവകാരിയെപ്പോലെ ഒരു വെല്ലുവിളിയായി സ്വീകരിക്കുക എന്നതാണ് നമ്മുടെ മുന്നിൽ തുറന്നുകിടക്കന്ന രണ്ടാമത്തെ മാർഗ്ഗം. പക്ഷെ, വെറുതെ പ്രവർത്തിക്കുക എന്നതുകൊണ്ടുമാത്രം മതിയാവില്ല. പ്രവർത്തിക്കുക എന്നു പറഞ്ഞാൽ, പരിശ്രമങ്ങളുടെയും മുൻകൈയെടുക്കലിന്റെയും തയ്യാറെടുക്കലിന്റെയും ഒരു പ്രവാഹം അഴിച്ചുവിടുക എന്നാണർത്ഥം. ഈ ചോദ്യങ്ങൾ ഓരോ സഖാവും തന്നോടുതന്നെ ചോദിക്കണം: രാഷ്ട്രീയമായി ശരിയാംവിധം സജ്ജമായ ഒരാളാകാൻ ഞാൻ എന്നെത്തന്നെ വളർത്തുന്നുണ്ടോ? ഓരോ വിഷയത്തിലും, ഏതു രീതിയിലായാലും എന്നാൽ ആരോടെങ്കിലും ആലോചിക്കാതെതന്നെ, എനിക്ക് സ്വന്തം അഭിപ്രായം മുന്നോട്ടുവയ്ക്കാൻ സാധിക്കുന്നുണ്ടോ? പാർട്ടി കമ്മിറ്റിയിലെ ഏതെങ്കിലും യോഗത്തിൽ എനിക്ക് എന്റേതായ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാനാവുന്നുണ്ടോ? എന്റെ വിശകലനങ്ങൾ അവതരിപ്പിക്കാൻ എനിക്ക് കഴിയുന്നുണ്ടോ? സംസാരിക്കാൻവേണ്ടിയുള്ള സംസാരമല്ലാതെ ചെയ്യേണ്ടുന്ന പ്രവർത്തനങ്ങളെ സഹായിക്കാനും മെച്ചപ്പെടുത്താനും വേണ്ടി സംസാരിക്കാൻ എനിക്ക് കഴിയുന്നുണ്ടോ? അതോ, വെറുതേ കേൾക്കാനും ഞാനെന്താണ് ചെയ്യേണ്ടതെന്ന് പറയുക എന്നു ചോദിക്കാനും വേണ്ടി ഞാൻ നേതാക്കളെ സമീപിക്കുകയാണോ? ഓരോ പാർട്ടി പ്രവർത്തകനും ഇത്തരം ചോദ്യങ്ങൾ സ്വയം ചോദിക്കുകയും ആ വിധത്തിൽ ആയിത്തീരാൻവേണ്ടി സ്വയം സമരം ചെയ്യുകയും വേണം.

ആ രീതിയിൽ ഒരാൾക്ക് സ്വയം മാറിത്തീരാനുള്ള പ്രക്രിയ എന്താണ്? സ്ഥിരമായും എല്ലാ വിഷയങ്ങളിലും ഒരാൾ സ്വയം രാഷ്ട്രീയ ചർച്ചകളിൽ മുഴുകുകയും ഒറ്റപ്പെട്ട വിഷയങ്ങളെ അധികരിച്ചുള്ള ചർച്ചകളെ മുഖ്യരാഷ്ട്രീയ വിഷയങ്ങളുമായി കൂട്ടിയിണക്കാനുള്ള കഴിവ് ആർജ്ജിക്കുകയും ചെയ്യുക എന്നതാണത്... ഈ കഴിവ് നേടിയെടുക്കാനായി ഓരോ പാർട്ടി പ്രവർത്തകനും സ്വയം നിരന്തരം പ്രയത്നിക്കണം. ഈ സംസാരങ്ങളെ വെറും നേരംപോക്കുകളാക്കി മാറ്റരുത്. കാരണം, വിനോദത്തിനുവേണ്ടിയുള്ള അനൗപചാരിക സംസാരങ്ങളിൽപ്പോലും ഒരു സംസ്കാരം പ്രതിഫലിക്കുന്നുണ്ട്. അത് ഞാൻ തിരിച്ചറിഞ്ഞാലും ഇല്ലെങ്കിലും, അത്തരം സംസാരങ്ങളിലൂടെ അത് ജനങ്ങളെ സ്വാധീനിക്കും. തമാശയിലൂടെയും നർമ്മത്തിലൂടെയും പോലും എന്റെ സാംസ്കാരിക നിലവാരം പ്രതിഫലിക്കപ്പെടും. അത് അവഗണിക്കാനാവില്ല. അതുകൊണ്ട് അവയെ അനൗപചാരിക സംസാരങ്ങളായോ തമാശകളായോ നിസ്സാരവൽക്കരിക്കാൻ നമുക്കാവില്ല. നാമേർപ്പെടുന്ന വിഷയം എന്തുതന്നെയായാലും, സംസാരവും തമാശകളും എന്തുതന്നെയായാലും ഉടൻതന്നെ നാമവയെ പാർട്ടിയുടെ മുഖ്യചിന്തയുമായി, പാർട്ടിയുടെ രാഷ്ട്രീയ കാഴ്ചപ്പാടുകളുമായി ബന്ധിപ്പിക്കണം. എന്താണ് പാർട്ടിയുടെ മുഖ്യ ചിന്ത? അത് ജനങ്ങൾക്കിടയിൽ മുതലാളിത്ത–വിരുദ്ധ വിപ്ലവ മനോഭാവം സൃഷ്ടിക്കാനുള്ളതാണ്, ശരിയായ ഒരു വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സാധാരണ ജനങ്ങൾക്കിടയിൽ മുതലാളിത്തത്തിനെതിരെയും അതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കെതിരെയും ഒരു വെറുപ്പ് സൃഷ്ടിക്കാനുള്ളതാണ് -- അത് ഒരു അന്ധമായ വെറുപ്പല്ല, കാരണം അന്ധമായ വെറുപ്പ് അധികകാലം നിലനിൽക്കില്ല. ശരിയായ വിലയിരുത്തലിന്മേൽ നമ്മെത്തന്നെ അടിസ്ഥാനമാക്കി ഇന്ന് കാലഹരണപ്പെട്ടതും അപകടകരവുമാതുമായവ എന്താണോ അവയ്ക്കെതിരെ കനത്ത ഇഷ്ടക്കേടിന്റേതായ ഒരു വികാരം നാം സൃഷ്ടിക്കണം. എന്തൊക്കെ പരിവേഷത്തോടെ ആയാലും അവയോട് എന്തെങ്കിലും താൽപ്പര്യമോ ആകർഷണമോ രഹസ്യമോ പരസ്യമോ ആയ വിധത്തിൽ ഉയരുകയാണെങ്കിൽ യുക്തിയുടെ മൂർച്ചയേറിയ ആയുധം കൊണ്ട് നാമവയെ നശിപ്പിക്കണം, പരാജയപ്പെടുത്തണം -- ഇപ്രകാരമാണ് നാം നമ്മെത്തന്നെ സജ്ജമാക്കുന്നത്.

ഓരോ ചർച്ചയെയും നമ്മുടെ പ്രധാന നിലപാടായ മുതലാളിത്തവിരുദ്ധ വിപ്ലവവുമായി കൂട്ടിയിണക്കിക്കൊണ്ട് അത് മനസ്സിലാക്കാൻ ജനങ്ങളെ പ്രാപ്തരാക്കുക, സ്വയം ഒരു പ്രതിച്ഛായ സൃഷ്ടിച്ചിട്ടുള്ള കപട വിപ്ലവ പ്രസ്ഥാനങ്ങളുടെ സ്വാധീനത്തിൽനിന്ന് ജനങ്ങളെ മോചിപ്പിക്കുക -- പൂർത്തീകരിക്കേണ്ടുന്ന കർത്തവ്യങ്ങൾ ഇവയാണ്. കപട വിപ്ലവപ്രസ്ഥാനങ്ങൾ സ്വാധീനമുറപ്പിച്ചിട്ടുള്ള മേഖലകളിൽ നമ്മുടെ പ്രഹരത്തിന്റെ മുഖ്യഊന്നൽ അവർക്കെതിരെയാവണം. പുറമേയ്ക്കാണെങ്കിലും എവിയെങ്കിലും അവർ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നതായി കാണുകയോ, അവർ പറയുന്നത് അത്ര തെറ്റല്ല എന്ന് അനുഭവപ്പെടുകയോ ചെയ്യുന്ന സന്ദർഭങ്ങളിൽപ്പോലും, അവയെ നമ്മുടെ അടിസ്ഥാന രാഷ്ട്രീയ ലൈനുമായി ബന്ധപ്പെടുത്തുകയും, അവർ ഒരു കപട പരിവേഷം വളർത്തിയെടുത്ത് അത്തരം സംസാരങ്ങളിലൂടെ ആശയക്കുഴപ്പം സൃഷ്ടിക്കുന്നത് എങ്ങനെയാണെന്നും അവരുടെ അടിസ്ഥാന രാഷ്ട്രീയ ലൈനിന്റെ കുഴപ്പമെന്താണെന്നും അവരെന്തുകൊണ്ടാണ് അങ്ങനെയൊരു നിലപാടെടുത്തതെന്നും നാം വിശദീകരിക്കണം. അവരുടെ രീതിയും മുദ്രാവാക്യങ്ങളും നമ്മുടേതുപോലെ തന്നെയാണെങ്കിലും അവരും നമ്മളും തമ്മിലുള്ള മൗലികമായ വ്യത്യാസങ്ങൾ കുടികൊള്ളുന്നത് എവിടെയാണെന്ന് നാം ജനങ്ങളോട് വിശദീകരിക്കണം. എന്തെന്നാൽ, ബൂർഷ്വാസിയെ അധികാരഭ്രഷ്ടമാക്കുകയും അതോടൊപ്പം ജന്മിത്വത്തിന്റെ അവശിഷ്ടങ്ങളെ തുടച്ചുനീക്കുകയുമാണ് നമ്മുടെ ലക്ഷ്യം. പുറമേയ്ക്ക് പ്രത്യേകമായ മുദ്രാവാക്യങ്ങളും പരിപാടികളും സമാനമായി തോന്നിയേക്കാം, പക്ഷെ നമ്മുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യത്യസ്തമാണ്. ബൂർഷ്വാസിയെ രാഷ്ട്രീയാധികാരത്തിൽനിന്ന് നിഷ്കാസനംചെയ്യാനുള്ള മുതലാളിത്ത വിരുദ്ധ വിപ്ലവത്തിന്റെ രാഷ്ട്രീയാടിത്തറയെയും നിലപാടിനെയും കുറിച്ച് നമ്മുടെ പാർട്ടി പ്രവർത്തകർ സ്ഥിരമായി ചർച്ച ചെയ്യുകയും ആഴത്തിൽ സ്വാംശീകരിക്കുകയും വേണം. അടിച്ചമർത്തലിനെതിരെ ജനകീയമായ ശൈലിയിലുള്ള വികാരപരമായ പ്രസംഗങ്ങൾ നടത്തിയാൽ മാത്രം പോര. കാരണം, അടിച്ചമർത്തലിനെയും വിശപ്പിനെയും പറ്റി ജനങ്ങൾക്ക് പൊതുവായ ഒരു ബോധം ഉണ്ട്. അടിച്ചമർത്തലിനെതിരെ പൊരുതാനും അവരാഗ്രഹിക്കുന്നു. പക്ഷെ മുതലാളിത്തത്തിനെതിരെ പൊരുതാനാഗ്രഹിക്കുന്ന ഒരാൾ, തൊട്ടടുത്ത ഒരു സന്ദർഭത്തിൽ മറ്റൊരു വിഷയത്തിൽ അയാൾ മുതലാളിത്തത്തെ സംരക്ഷിക്കുന്ന ഒരു മനോഭാവം പ്രദർശിപ്പിക്കുന്നതായി കാണാനാകും. അതുകൊണ്ട്, മുതലാളിത്തത്തെ തകർക്കുന്ന സമ്പൂർണ്ണ സമരത്തിനുവേണ്ടിയുള്ള ഒരു അഭിനിവേശം നാം വളർത്തിയെടുക്കണം. ചിന്താലോകത്തെ ആകമാനം ഉൾക്കൊള്ളുന്ന ഉറച്ച ഒരു മുതലാളിത്ത വിരുദ്ധ മനോഘടന വളർത്തിവികസിപ്പിക്കാൻ നാം കഠിനപ്രയത്നം നടത്തണം. അങ്ങനെ നമ്മുടെ ഓരോ ചർച്ചയും ഫലപ്രദമാകുംവിധം നാം സ്വയം തയ്യാറാകണം.

ഇവ്വിധത്തിൽ സ്വയം സന്നദ്ധമാകാൻ നാം മുഴുവൻ സമയവും ജനങ്ങൾക്കിടയിൽ പ്രവർത്തിക്കണം

*(ശേഷം 4-ാം പേജിൽ)*

# പാർട്ടിപ്രവർത്തകർ വ്യക്തിഗതവും രാഷ്ട്രീയവുമായ മുൻകൈ ഉയർത്തുക

**പ്രവർത്തന ശൈലിയെപ്പറ്റി**

*(3-ാം പേജിൽ നിന്ന്)*

-- ഇതിനർത്ഥം നാം ഊണും ഉറക്കവും ഒഴിവാക്കണമെന്നോ, ദിനചര്യകൾ ചെയ്യരുതെന്നോ, സുഹൃത്തുക്കളുമായി കുശലസംഭാഷണം നടത്തരുതെന്നോ, വൈകാരികമായ അടുപ്പമുള്ളവരെ സംബന്ധിച്ചിടത്തോളം അവർ ഇഷ്ടപ്പെടുന്നവരോടൊപ്പം അൽപ്പസമയം ചെലവിടാൻ പാടില്ലെന്നോ അല്ല. ഇവയെല്ലാമുണ്ടാകും, പക്ഷെ അവ നമ്മുടെ മനസ്സിനെ മുഴുവൻ കീഴടക്കാൻ പാടില്ല. ഓരോരോ സന്ദർഭത്തിലും അത്തരം കാര്യങ്ങൾ വന്നുകോണ്ടേയിരിക്കും. മറിച്ച് ചിന്തിക്കുന്നത് യാഥാർത്ഥ്യത്തിന് നിരക്കുന്നതല്ല. പക്ഷെ അവ ഒരിക്കലും നമ്മുടെ പ്രധാന പരിഗണനയാവരുത്. നാം നമ്മുടെ ദൈനംദിന പ്രവൃത്തികളിൽ ഏർപ്പെടുമ്പോൾ പോലും, ഒറ്റയ്ക്കാവുന്ന സന്ദർഭത്തിലും, രാഷ്ട്രീയവും സംഘടനാപരവുമായ വിഷയങ്ങളായിരിക്കണം നമ്മുടെ മനസ്സിൽ സ്ഥാനം പിടിക്കേണ്ടത്. ആശയക്കുഴപ്പങ്ങൾ നിറഞ്ഞ ചോദ്യങ്ങളും പരസ്പര വിരുദ്ധമായ ചിന്തകളും ധാരാളമുണ്ട്. അതുകൊണ്ട്, അന്തരീക്ഷം എന്തുതന്നെയായാലും അവയെ എങ്ങനെ എതിരിടണം എന്നതായിരിക്കണം എന്റെ ചിന്ത. കോൺഗ്രസ്സിനെതിരെ സമരംചെയ്യുന്നവർക്ക് സിപിഐ(എം)നെ അഥവാ സിപിഐയെ സംബന്ധിച്ച് ചില പ്രത്യേക ആശയക്കുഴപ്പമുണ്ട്; സിപിഐയെ റിവിഷനിസ്റ്റ് എന്നു സിപിഐ(എം) വിളിക്കുമ്പോൾ ഇക്കൂട്ടർ സ്വയം മറ്റൊരു വിധം റിവിഷനിസത്തിൽ മുഴുകുകയാണ്. സിപിഐ(എം)നെ റിവിഷനിസ്റ്റുകൾ എന്നുവിളിക്കുന്ന നക്സലൈറ്റുകളാകട്ടെ പെറ്റി ബൂർഷ്വാ അതിസാഹസികത അനുവർത്തിച്ച് വീണ്ടുമൊരു തരം ആശയക്കുഴപ്പമുണ്ടാക്കുന്നു -- ഇപ്രകാരം ഒരു ആശയക്കുഴപ്പത്തിനെതിരെ പൊരുതുന്നവർ അവരുടെയുള്ളിൽ ഒരായിരം ആശയക്കുഴപ്പങ്ങൾ വച്ചുപുലർത്തുന്നു; ഒരു ആശയക്കുഴപ്പം മറ്റൊന്നുമായി കൂടിക്കലർന്നുകിടക്കുന്നു. ഇവയെല്ലാം കെട്ടുപിണഞ്ഞുകിടക്കുന്നത് എങ്ങനെയാണെന്നാണ് ഒരു വിപ്ലവ പാർട്ടി വിവിധ തലങ്ങളിൽ പഠിക്കുന്നത്. സ്ഥിരമായ രാഷ്ട്രീയ പ്രവർത്തനത്തിലൂടെ ഒരു വിപ്ലവ പ്രവർത്തകൻ ഇവ പഠിക്കുകയും ഇത്തരം ആശയക്കുഴപ്പങ്ങളിൽനിന്ന് എങ്ങനെ ജനങ്ങളെ സ്വതന്ത്രരാക്കാം എന്ന് ആലോചിക്കുകയും ചെയ്യുന്നു. ഇത് എങ്ങനെയാണവർ പ്രയോഗത്തിൽ കൊണ്ടുവരുന്നത്? ജനങ്ങൾക്കിടയിൽനിന്നും തങ്ങൾക്കിടയിൽനിന്നുപോലും ഉയരുന്ന വിഷയങ്ങളെ മുഖ്യ രാഷ്ട്രീയ ലൈനുമായി എങ്ങനെ കൂട്ടിയിണക്കാം എന്നവർ ചർച്ചചെയ്യുന്നു. അത്തരം ചർച്ചകൾ നിങ്ങൾ എത്രത്തോളം തടസ്സപ്പെടുത്താൻ ശ്രമിക്കുന്നു എന്നത് വിഷയമേയല്ല, ആസ്വാദ്യകരമായ രീതിയിൽ ഞാനതിൽ പങ്കാളിയാവുകയും ചർച്ചയിലേർപ്പെടുകയും ചെയ്തുകൊണ്ട് നിങ്ങളുടെ എതിർപ്പുകളെ മറികടക്കുകയും നിങ്ങളെത്തന്നെ മുഖ്യചർച്ചയിലേക്ക് കൊണ്ടുവരികയും ചെയ്യും. ഇങ്ങനെ സംഭവിക്കുമെന്ന് നിങ്ങൾ മുൻകൂട്ടി അറിഞ്ഞാൽപ്പോലും അത് വേണ്ടെന്നുവയ്ക്കാൻ നിങ്ങൾക്കാവില്ല. ചർച്ചകളിലേക്ക് നിങ്ങൾക്ക് പ്രവേശിക്കേണ്ടതായിവരും. ചില സന്ദർഭങ്ങളിൽ നിങ്ങൾ അറിയാതെ മറ്റൊരു ചർച്ചയിലേക്ക് വഴുതിവീഴുന്നത് തിരിച്ചറിയുകപോലുമില്ല. അൽപ്പം കുശലം പറയാനായിരിക്കും നിങ്ങൾ ആഗ്രഹിക്കുക. അതിൽ പങ്കെടുത്തുകൊണ്ട് നിങ്ങളറിയാതെ നിങ്ങളെ ഞാൻ ഒരു ഗൗരവപൂർണ്ണമായ ചർച്ചയിലേക്ക് കൂട്ടിക്കൊണ്ടുപോകും. അത്തരമൊരു രാഷ്ട്രീയമായ നിശ്ചയദാർഢ്യം, രാഷ്ട്രീയമായ ലക്ഷ്യബോധം എന്റെ എല്ലാ കർമ്മങ്ങളിലും പ്രവർത്തിക്കുന്ന വിധം ഞാൻ എന്നെത്തന്നെ തയ്യാറെടുപ്പിക്കണം. ഒറ്റയ്ക്കിരുന്ന് വിഭാവനം ചെയ്യുന്നതിലൂടെ മാത്രം കൈവരുന്ന ഒരു സ്വഭാവവിശേഷമല്ല ഇത്. ഒരു പാർട്ടി പ്രവർത്തകൻ അപ്രകാരം സ്വയം തയ്യാറെടുപ്പിക്കാനുള്ള മാർഗ്ഗം, ആസൂത്രിതമായ രീതിയിലും നിശ്ചിതമായ പരിപാടികൾ സ്വീകരിച്ചുകൊണ്ടും ജനങ്ങളുമായുള്ള ബന്ധം നിരന്തരം സ്ഥാപിക്കുകയും തന്റെ രാഷ്ട്രീയം ജനങ്ങൾക്കിടയിലേക്ക് വ്യത്യസ്തങ്ങളായ അനവധി മാർഗ്ഗങ്ങളിലൂടെ കൊണ്ടെത്തിക്കുകയും ചെയ്യുക എന്നതാണ്. അത് നടപ്പിൽവരുത്തുന്നതിന്, ജനങ്ങളുടെ നിരവധിയായ ജീവിതപ്രശ്നങ്ങളെ അധികരിച്ച് പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചുകൊണ്ട് തന്റെ രാഷ്ട്രീയം അവർക്കിടയിലെത്തിക്കുക എന്ന പദ്ധതി അവലംബിക്കണം.

നമ്മുടെ എതിർചേരിയിലുള്ളവരുടെ രാഷ്ട്രീയത്തെ മുഖാമുഖം നേരിട്ടുകൊണ്ടാണ് നമുക്കിത് ചെയ്യേണ്ടിവരിക. വ്യാമോഹം പരത്തി, അദ്ധ്വാനത്തിനും മൂലധനത്തിനും ഇടയിൽ ഒരു അനുരഞ്ജകശക്തി എന്ന നിലയിൽ വർത്തിക്കുന്ന കപട വിപ്ലവകാരികളുടെ രാഷ്ട്രീയത്തെ തുറന്നുകാട്ടാനും നമുക്ക് കഴിയണം... അതുകൊണ്ട് എല്ലാ മേഖലയിലും പാർട്ടിപ്രവർത്തകരുടെ ബോധനിലവാരവും രാഷ്ട്രീയമായ മുൻകൈയും ഉയർത്തുകയെന്നത് വളരെ പ്രധാനമാണ്. രാഷ്ട്രീയമായ മുൻകൈ നിങ്ങളുടെ മുന്നിൽ നിലനിർത്തുക എന്ന് കഴിഞ്ഞ കുറച്ചുകാലമായി ഞാൻ നിങ്ങളോട് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുവരികയാണ്. ഓരോ പാർട്ടി പ്രവർത്തകനും വ്യക്തിഗതമായ മുൻകൈയും രാഷ്ട്രീയമായ മുൻകൈയും ഉയർത്തണമെന്ന് ഞാൻ പറഞ്ഞുകൊണ്ടിരിക്കുകയാണ്. അപായങ്ങൾ നേരിടേണ്ടിവരികയോ തെറ്റുകൾ സംഭവിക്കുകയോ ചെയ്താൽപ്പോലും നിങ്ങൾ സ്വന്തം ബുദ്ധി ഉപയോഗിച്ച് ജനകീയ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കാനും നയിക്കാനും ശ്രമിക്കണമെന്നുവരെ ഞാൻ പറഞ്ഞിട്ടുണ്ട്. പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നതിൽ നിങ്ങൾ ഇത്രമാത്രം ശ്രദ്ധിച്ചാൽ മതി: പാർട്ടി പ്രത്യയശാസ്ത്രത്തെയും മുതലാളിത്തവിരുദ്ധ വിപ്ലവ സിദ്ധാന്തത്തെയും കുറിച്ച് നിങ്ങൾ എന്താണോ മനസ്സിലാക്കിയിട്ടുള്ളത്, ആ ധാരണപ്രകാരം നിങ്ങൾ തെറ്റുകളൊന്നും വരുത്തുന്നില്ല. അൽപ്പം തെറ്റുകൾ സംഭവിച്ചു എന്ന കാരണത്താൽ ആകാശം ഇടിഞ്ഞുവീഴാനൊന്നും പോകുന്നില്ല, അവരുടെ മുൻകൈ കെടുത്തുംവിധം നേതാക്കൾ അവരോട് ദ്വേഷ്യപ്പെടുന്നത് ഒഴിവാക്കുകയും വേണം. ഒരാൾ എവിടെയാണ് പിശകുവരുത്തിയിരിക്കുന്നതെന്ന് അനുഭാവപൂർവ്വം ചൂണ്ടിക്കാട്ടുകയും തിരുത്തുകയുമാണ് നേതാക്കൾ ചെയ്യേണ്ടത്. അല്ലാതെ ആദ്യം കൂടിയാലോചിക്കാതെ എന്തിനാണ് പ്രവർത്തിച്ചത് എന്ന രീതിയിലുള്ള പരുക്കൻ വിമർശനങ്ങളുന്നയിച്ച് ആ സഖാവിന്റെ മുൻകൈ കെടുത്തുകയല്ല ചെയ്യേണ്ടത്. അത്തരം അഭിപ്രായപ്രകടനങ്ങൾ ഒരിക്കലും നടത്തരുത്. ആ സഖാക്കളുടെ മുൻകൈയെ പ്രോത്സാഹിപ്പിക്കുക. സഖാക്കളെ അവരുടെ സ്വന്തം ബുദ്ധി ഉപയോഗിച്ച് പ്രവർത്തിക്കാൻ അനുവദിക്കുക; അവർ പ്രവർത്തിക്കും പക്ഷെ അത് അരാജകമായ രീതിയിലാവില്ല. ഒരു ഭാഗത്ത്, പാർട്ടി ലൈനിനെ പറ്റിയുള്ള അവരുടെ ധാരണ മെച്ചപ്പെടുത്തുക, അതിൽ വൈദഗ്ദ്ധ്യമുള്ളവരാക്കുക. മറുഭാഗത്ത്, അവരുടെ സ്വന്തം ധാരണയ്ക്കനുസരിച്ച് അവർക്ക് ഹിതകരമായ രീതിയിൽ ജനകീയ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കാനുള്ള അവസരം നൽകുക. അവർ തെറ്റുകൾ വരുത്തുകയാണെങ്കിൽ, ആ പിഴവുകൾ എന്തുകൊണ്ടാണെന്ന് ചൂണ്ടിക്കാട്ടി അവ പരിഹരിക്കാൻ അവരെ സഹായിക്കണം... പാർട്ടി ഭാരവാഹികളോടുള്ള എന്റെ സന്ദേശമാണിത്. കാരണം, ഉചിതമായ രീതിയിൽ പരിശീലനം നേടിയിട്ടുള്ള പൊളിറ്റിക്കൽ കേഡർമാരുടെ അഭാവമാണ് നാം നേരിടുന്നത്. ഇക്കാര്യത്തിൽ നാം വളരെയേറെ പിന്നിലാണ്. ഇന്നത്തെ സമൂഹത്തിന്റെ അവസ്ഥയിലെ കുഴഞ്ഞുമറിഞ്ഞ രാഷ്ട്രീയത്തിലും കപട വിപ്ലവകാരികൾ ഉയർത്തുന്ന ചോദ്യങ്ങളിലും നിലനിൽക്കുന്ന ആശയക്കുഴപ്പങ്ങളും പുരോഗമനകാരികൾ എന്നറിയപ്പെടുന്നവരുടെയിടയിലും മറ്റ് പാർട്ടികളിലെ അണികളുടെയിടയിലും നിലനിൽക്കുന്ന ആശയക്കുഴപ്പങ്ങളും എല്ലാം ദൂരീകരിക്കേണ്ടതുണ്ട്. എല്ലാവരും അറിഞ്ഞുകൊണ്ട് ഏജന്റുമാരായോ പണത്തിനുവേണ്ടിയോ പ്രവർത്തിക്കുകയാണെന്ന് നാം ചിന്തിക്കുന്നത് തെറ്റാണ്. അങ്ങനെ ചിന്തിക്കുന്നത് ഒരുതരം നിസ്സാരവൽക്കരണമാണ്. കാരണം, അനവധിയാളുകൾ അവർക്ക് പിന്നിൽ അണിനിരക്കുന്നത് ശരിയായ രാഷ്ട്രീയം മനസ്സിലാക്കാതെയാണ്. അവരെ അലട്ടുന്ന ആശയക്കുഴപ്പത്തിൽനിന്നും നാം അവരെ മോചിപ്പിക്കുകയും വിശാലമായ ജനവിഭാഗങ്ങൾക്കിടയിലുള്ള ആശയക്കുഴപ്പങ്ങൾ ദൂരീകരിക്കുകയും വേണം. ഇത്തരം ആശയക്കുഴപ്പത്തിൽനിന്നും അവരെ മോചിപ്പിക്കാനും ശരിയായ രാഷ്ട്രീയം വിശദീകരിക്കാനും വേണ്ടുന്ന ശ്രമകരമായ പ്രവർത്തനങ്ങളേറ്റെടുക്കാൻ കഴിയുന്ന അത്തരം കേഡർമാരെ നമുക്കാവശ്യമുണ്ട്. പരിശീലനം നേടിയ കേഡർമാർ - വ്യക്തിഗതമായ മുൻകൈയുള്ളവരും നേതൃത്വം നൽകാൻ കഴിവുള്ളവരും പാർട്ടിയുടെ രാഷ്ട്രീയം വ്യക്തമായി വിശദീകരിക്കാൻ കഴിയുന്നവരും ചിന്താക്കുഴപ്പങ്ങളില്ലാതെ മുഖ്യവിഷയങ്ങൾ അവതരിപ്പിക്കാൻ കഴിയുന്നവരുമായ കേഡർമാർ - അവർക്കുമാത്രമേ അത് നിറവേറ്റാൻ കഴിയൂ ● *(അവസാനിക്കുന്നില്ല)*

## മദ്യവിരുദ്ധ സമരം

*(1-ാം പേജിൽ നിന്ന്)*

നുള്ളിലേക്ക് കടന്നുനിന്നു. അടുത്തുകൂടിയ ജനങ്ങളെ വിരട്ടിയോടിച്ച പോലീസ് സമരനേതാക്കളെ അറസ്റ്റ് ചെയ്തു വാനിലേക്കിട്ടു. അമ്പലത്തിനുള്ളിൽ കടന്നും പോലീസ് അറസ്റ്റ് നടത്തി. ആരാധനക്കെത്തിയവർ വരെ അറസ്റ്റിലായി. സമരസമിതി ചെയർമാൻ വി.സതീശൻ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി ജില്ലാ കമ്മിറ്റിയംഗവും സമരസമിതിയുടെ ജനറൽ കൺവീനറുമായ ആർ.ബിജു, കൺവീനർമാരായ എൻ.വിശ്വനാഥൻ, സുലൈമാൻ, എ.എൽ.എം കാസിം, എം.എസ്.താജുദ്ദീൻ, എ.സബൂറ, റജീന മാഹീൻ, അമീറുദ്ദീൻ, ആർ.സുരേഷ്, സുധീർ, അശോക്കുമാർ, സജീവൻ, ആർ.അജിത്കുമാർ തുടങ്ങി പതിനാറ് സ്ത്രീകളുൾപ്പെടെ 46 പേർ അറസ്റ്റിലായി. അറസ്റ്റിലായവരെ നന്ദാവനം ക്യാമ്പിലേയ്ക്ക് മാറ്റി. പോലീസിന്റെ ബലപ്രയോഗത്തിൽ പരുക്കേറ്റ എസ്‌യുസിഐ ജില്ലാക്കമ്മിറ്റിയംഗം എ.സബൂറ, എം.എസ്.താജുദ്ദീൻ എന്നിവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അറസ്റ്റിലായവരെ ജാമ്യമില്ലാവകുപ്പുകൾ ചുമത്തി റിമാന്റ് ചെയ്യാനുള്ള നീക്കങ്ങളാണ് പോലീസ് നടത്തിയത്. അറസ്റ്റിന്റെ വാർത്തയറിഞ്ഞ് നന്ദാവനം ക്യാമ്പിൽ എത്തിച്ചേർന്ന ശ്രീ വി.എം.സുധീരൻ പോലീസ് നടപടിയിൽ പ്രതിഷേധിച്ച് സമരക്കാരോടൊപ്പം ഇരുന്നു. അറസ്റ്റിലായവരെ നിരുപാധികം വിട്ടയച്ചില്ലെങ്കിൽ തന്നെയും റിമാന്റ് ചെയ്യണമെന്ന നിലപാട് അദ്ദേഹം എടുത്തതോടെ പോലീസ് മേധാവികൾ പ്രതിസന്ധിയിലായി. പാളയം ഇമാം വി.പി.സുഹൈബ് മൗലവി, ലത്തീൻ അതിരൂപത വികാരി ജനറൽ ഫാദർ യൂജിൻ പെരേര, എം.എൽ.എമാർ, എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം ആർ.കുമാർ, മറ്റ് രാഷ്ട്രീയ സംഘടനാ നേതാക്കളും എത്തിയതോടെ അറസ്റ്റ് ചെയ്ത സമരക്കാരെ വിട്ടയക്കാൻ പോലീസ് നിർബന്ധിതരായി.

രണ്ടുവട്ടം ഭീകരമായ വർഗ്ഗീയ ലഹളകൾക്ക് സാക്ഷ്യം വഹിച്ച പൂന്തുറ, വലിയതുറ ഉൾപ്പെടുന്ന ഈ പ്രദേശത്തെ ജനങ്ങൾ ഇനിയൊരിക്കലും ആ കറുത്ത ദിനങ്ങൾ മടങ്ങിവരരുതെന്ന് തീരുമാനിച്ചവരാണ്. ജാതി, മതഭേദങ്ങളെല്ലാം മറന്ന്, മദ്യശാല അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ട സമരവേദിയിൽ ഒത്തുകൂടിയ ഈ ജനങ്ങൾ പടുത്തുയർത്തിയത് ഊഷ്മളമായ മനുഷ്യബന്ധങ്ങളാണ്. സംസ്ഥാനത്തിന്റെ വിവിധ കോണുകളിൽ നിന്ന് സമരപന്തലിലെത്തിയവർ കണ്ടതും അവർ ഉറക്കെ പറഞ്ഞതും ഈ മാനവസൗഹാർദ്ദമാണ്. നോമ്പുകാലത്ത് പള്ളിയിൽനിന്ന് കഞ്ഞികൊണ്ടുവന്ന് നോമ്പുതുറന്നതും ഇഫ്താർ വിരുന്നൊരുക്കി ഒത്തുകൂടിയതും അമ്പലങ്ങളിലെ പായസം വിളമ്പിയതും റംസാൻ ദിനത്തിൽ രാവിലെ മുതൽ എല്ലാജനങ്ങളും ചേർന്ന് നടത്തിയ ആഘോഷവും അവിടെ വളർന്നുവന്ന സമരവും മനുഷ്യബന്ധങ്ങളും സാമൂഹ്യവിരുദ്ധരെയും അധികാരികളെയും തെല്ലൊന്നുമല്ല ആശങ്കപ്പെടുത്തിയത്. വളർന്നുവരുന്ന ഈ സമരാത്മക തകർത്തെറിയാതെ ഗവണ്മെന്റിന് മദ്യശാലയുമായി മുന്നോട്ട് പോകാനാവില്ല എന്ന് മനസ്സിലാക്കിയ അധികാരികൾ സമരത്തിനെതിരെ നുണകളും അപവാദങ്ങളും അധിക്ഷേപങ്ങളും നിരന്തരം നടത്തിക്കൊണ്ടേയിരുന്നു. ഇതിനെയെല്ലാം അതിജീവിക്കാൻ സമരത്തിന് കഴിഞ്ഞു. പോലീസിന്റെ നെറികെട്ട അടിച്ചമർത്തലിനും സമരത്തെ തകർക്കാനായില്ല.

അസിസ്റ്റന്റ് കമ്മീഷണറുടെയും സർക്കിൾ ഇൻസ്പെക്ടറുടെയും നേതൃത്വത്തിലാണ് പന്തൽ പൊളിച്ചതും സമരക്കാരെ അറസ്റ്റ് ചെയ്തതും. ഇതേ സംഘത്തിന്റെ സംരക്ഷണയിലാണ് ഇപ്പോൾ മദ്യശാല തുറന്നുപ്രവർത്തിക്കുന്നത്. മദ്യപാനികൾക്ക് വേണ്ടി പണിയെടുക്കുന്ന പോലീസിന്റെ വൻപടയുടെ നാണംകെട്ട പ്രവർത്തിയാണ് ഇപ്പോൾ നാട്ടുകാർ കാണുന്നത്. അമ്പലത്തിന് സമീപം പന്തൽ വീണ്ടുമുയർത്തി സമരം വർദ്ധിത വീര്യത്തോടെ തുടരുകയാണ്.

മദ്യവിരുദ്ധ ജനകീയ സമിതിയുടെ ചെയർമാൻ, ബാലകൃഷ്ണ സ്വാമി ക്ഷേത്രട്രസ്റ്റിന്റെ ചെയർമാൻ കൂടിയായ വി.സതീശനാണ്. സമരസമിതിയുടെ ആദ്യയോഗം ഈ ക്ഷേത്രത്തിനുള്ളിൽവെച്ചാണ് കൂടിയത്. മുസ്ലീം പള്ളിയിലെയും അമ്പലങ്ങളിലെയും ക്രിസ്ത്യൻ പള്ളികളിലെയും ഭാരവാഹികളുൾപ്പെടെയുള്ളവർ ആ യോഗത്തിൽ ഒത്തുകൂടിയാണ് സമരസമിതിക്ക് രൂപം കൊടുത്തത്. മുസ്ലീം പള്ളിയും ക്രിസ്ത്യൻ പള്ളിയും സമരസമിതിയുടെ യോഗങ്ങൾക്ക് വേദിയായി. അമ്പലത്തിനുള്ളിൽ മറ്റ് മതക്കാരെ പ്രവേശിപ്പിക്കരുതെന്ന് പോലീസ് ചെയർമാനെ താക്കീതു ചെയ്തത് ജനാധിപത്യ വിശ്വാസികളിൽ ഞെട്ടലുണ്ടാക്കി. മദ്യശാല അടച്ചുപൂട്ടാനുള്ള സമരത്തിൽ പങ്കെടുക്കാനെത്തുന്ന എല്ലാ മതത്തിലും വിശ്വസിക്കുന്നവർക്കായി ഈ അമ്പലം എപ്പോഴും തുറന്നിട്ടിരിക്കുമെന്ന മറുപടിയാണ് സമരസമിതി ചെയർമാൻ പോലീസ് മേധാവികൾക്ക് നൽകിയത്. അമ്പലമുറ്റത്ത് ചേർന്ന പ്രതിഷേധയോഗത്തിൽ ഈ വിഷയം ചർച്ചചെയ്യപ്പെട്ടു. പോലീസുദ്യോഗസ്ഥരുടെ അതിരുവിട്ട നീക്കങ്ങളെ എല്ലാ നേതാക്കളും ശക്തമായി അപലപിച്ചു.

ദിനംപ്രതി 15 ലക്ഷം രൂപയുടെ മദ്യംവിൽക്കാൻ പറ്റിയ ഇടമായി ഈ പ്രദേശത്തെ കണ്ടെത്തിയ നടപടിയിൽ നിന്നും ബിവറേജസ് കോർപ്പറേഷൻ പിന്നോട്ട് പോകില്ലെന്നാണ് എക്സൈസ് വകുപ്പ് മന്ത്രി നിയമസഭയിൽ പറഞ്ഞത്. നാടിന്റെ സമാധാന ജീവിതമാണ് ജനങ്ങൾ ആവശ്യപ്പെടുന്നത്. മദ്യമൊഴുക്കി ഖജനാവ് നിറയ്ക്കാനാണ് സർക്കാരിന്റെ തീരുമാനം. അങ്ങേയറ്റം മനുഷ്യത്വവിരുദ്ധമായ മദ്യനയത്തിനെതിരെ സംസ്ഥാനമെമ്പാടും നടക്കുന്ന സമരങ്ങൾക്ക് മാതൃകയും പ്രചോദനവുമായി ഈ സമരം മുന്നേറുകയാണ്.

മദ്യപിച്ച് ലക്കുകെട്ട മദ്യപാനികൾക്ക് വനിതാപോലീസടക്കം കാവൽ നിൽക്കുന്ന ദയനീയമായ അവസ്ഥ മുട്ടത്തറ പരുത്തിക്കുഴിയിലെ ജനങ്ങൾ ഇന്ന് കാണുകയാണ്. ജാതിയും മതവും രാഷ്ട്രീയവും മറന്ന് നാടിന്റെ പൊതുആവശ്യമെന്ന നിലയിൽ സർക്കാരിന്റെ മദ്യശാല അടച്ചുപൂട്ടുംവരെയുള്ള പോരാട്ടത്തിനായി തയ്യാറെടുക്കുകയാണ് മദ്യവിരുദ്ധ ജനകീയ സമിതി●

# അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണം

**ജൂൺ 26 അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച്, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം തടയുക, സർക്കാരിന്റെ ജനവിരുദ്ധ മദ്യനയം പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് മദ്യവിരുദ്ധ ജനകീയ സമരസമിതിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനവ്യാപകമായി പ്രചാരണ-പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു.**

## സർക്കാർ മദ്യവും മയക്കുമരുന്നും വ്യാപിപ്പിക്കുന്നു – ലിസി സണ്ണി




തൊടുപുഴയിൽ ലഹരി വിരുദ്ധ സംഗമം പെമ്പിളൈ ഒരുമൈ പ്രസിഡന്റ് ലിസി സണ്ണി ഉദ്ഘാടനം ചെയ്യുന്നു

മദ്യവും മയക്കുമരുന്നും വ്യാപകമാക്കുന്ന നയം സർക്കാർ ഉപേക്ഷിക്കണമെന്ന് പെമ്പിളൈ ഒരുമൈ പ്രസിഡന്റ് ലിസി സണ്ണി ആവശ്യപ്പെട്ടു. ജൂൺ 26ന് തൊടുപുഴയിൽ നടന്ന ലഹരി വിരുദ്ധ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. മദ്യവിരുദ്ധ ജനകീയ സമരസമതി ജില്ലാ സെക്രട്ടറി എൻ.വിനോദ് കുമാർ അദ്ധ്യക്ഷത വഹിച്ചു. രക്ഷാധികാരി സി.എ.ഫെലിക്സ്, പെമ്പിളൈ ഒരുമ സെക്രട്ടറി സ്റ്റെല്ലാ മേരി, റ്റി.എം.അബ്ദുൾ കരീം, വി.എസ്.ബാലകൃഷ്ണ പിള്ള, സെബാസ്റ്റ്യൻ കൊച്ചടിവാരം, നിഷ ജിമ്മി, സെബാസ്റ്റ്യൻ എബ്രഹാം, ദേവസ്യ തുടങ്ങിയവർ പ്രസംഗിച്ചു. ടി.ജെ പീറ്റർ മദ്യവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സി.ജെ.അബ്രഹാം കവിത അവതരിപ്പിച്ചു●



ലഹരി വിരുദ്ധ സമ്മേളനം മുളന്തുരുത്തി ജനമൈത്രി പോലീസ് എസ്.എച്ച്.ഒ എം.വി.അരുൺദേവ് ഉദ്ഘാടനം ചെയ്യുന്നു

## മുളന്തുരുത്തിയിൽ ലഹരി വിരുദ്ധ മാസാചരണം

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം യുവാക്കളിൽ കൂടി വരുന്നതാണ് റോഡ് അപകടങ്ങളും അതിക്രമങ്ങളും സമൂഹത്തിൽ വർദ്ധിക്കാൻ കാരണമെന്ന് മുളന്തുരുത്തി ജനമൈത്രി പോലീസ് സബ് ഇൻസ്പക്ടർ എം.വി.അരുൺ ദേവ് അഭിപ്രായപ്പെട്ടു. ലഹരിയെ ഉപേക്ഷിക്കൂ, യുവ തലമുറയെ രക്ഷിക്കൂ എന്ന സന്ദേശത്തിന്റെ പ്രചരണാർത്ഥം ഒരു മാസം നീണ്ടു നിൽക്കുന്ന ബോധവൽക്കരണ യജ്ഞം ഉദ്ഘാടനം ചെയ്തുകൊണ്ട് മുളന്തുരുത്തി നിർമ്മല ആർട്സ് & സയൻസ് കോളേജിൽ നടന്ന ലഹരിവിരുദ്ധ സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പ്രമുഖ ഗാന്ധിയനും മദ്യവിരുദ്ധ ജനകീയ സമരസമിതി എറണാകുളം ജില്ലാ അദ്ധ്യക്ഷനുമായ കെ.കെ.ഗോപിനായർ മുഖ്യപ്രസംഗം നടത്തി.മദ്യ വിരുദ്ധ ജനകീയ സമരസമിതി ജില്ലാ ജനറൽ കൺവീനർ എൻ.ആർ.മോഹൻകുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേള നത്തിൽ കോളേജ് പ്രിൻസിപ്പാൾ പ്രൊഫ. ഡെയ്സി എൻ.ഒ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊട്ടുത്തു.കോളേജ് മാനേജർ ജോർജ് കൂര്യാക്കോസ് ജനമൈത്രി പോലീസ് ഉദ്യോഗസ്ഥരായ ബാബു മാത്യു, ഇ.പി.വിജയൻ, മദ്യ വിരുദ്ധ ജനകീയ സമരസമിതി നേതാക്കളായ റെജി ഐപ്പ്, എം.ആർ.സെനിത് കുമാർ സ്ത്രീ സുരക്ഷാസമിതി ജില്ലാ സെക്രട്ടറി എം.കെ.ഉഷ, കോളേജ് അദ്ധ്യാപകൻ ദീപു .ജി എന്നിവർ പ്രസംഗിച്ചു. ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാകുമെന്നും ജീവിതത്തിൽ ലഹരി ഉപയോഗിക്കുകയില്ലെന്നും വിദ്യാർത്ഥികൾ പ്രതിജ്ഞയെടുത്തു●

## കൊട്ടാരക്കരയിൽ ഒപ്പുശേഖരണവും പ്രതിഷേധ ധർണ്ണയും

കൊട്ടാരക്കര ബസ് സ്റ്റാൻഡ് പരിസരത്ത് ബിവറേജസ് ഔട്ട്ലറ്റ് ആരംഭിക്കുന്നതിനെതിരെ മദ്യവിരുദ്ധ ജനകീയ സമര സമിതിയുടെ ആഭിമുഖ്യത്തിൽ ജൂൺ 26ന് പുലമൺ ജംഗ്ഷനിൽ ഒപ്പുശേഖരണവും, പ്രതിഷേധ ധർണ്ണയും നടന്നു.

യുവാക്കളേയും, വിദ്യാർത്ഥികളേയും മദ്യത്തിനും, മയക്കുമരുന്നിനും ഇരകളാക്കിക്കൊണ്ടിരിക്കുന്ന സർക്കാർ, ബോധവത്ക്കരണത്തെക്കുറിച്ചും വർജ്ജനത്തെക്കുറിച്ചുമൊക്കെ പറയുന്നത് ഇരട്ടത്താപ്പാണ് എന്ന് പ്രതിഷേധ ധർണ്ണ ഉദ്ഘാടനം ചെയ്തുകൊണ്ട് കേരള മദ്യവർജ്ജന കൗൺസിൽ സംസ്ഥാന പ്രസിഡന്റ് പിറവന്തൂർ ഗോപാലകൃഷ്ണൻ അഭിപ്രായപ്പെട്ടു. പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് എ. ജയിംസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രതിഷേധ ധർണ്ണയിൽ മഹിളാ സാംസ്കാരിക സംഘടന ജില്ലാ സെക്രട്ടറി ടിങ്കിൾ പ്രഭാകരൻ, എ.എം.ജോയി, ഫാദർ ഗീവർഗ്ഗീസ് തരകൻ, ടി.ശശിധരൻ, പി.ജി.ഷീജ, ഇ.കുഞ്ഞുമോൻ എന്നിവർ പ്രസംഗിച്ചു. നെല്ലിക്കുന്നം ശ്രീധരൻ, ഉണ്ണി പുത്തൂർ, അമ്പലപ്പുറം രാമചന്ദ്രൻ എന്നിവർ ലഹരി വിരുദ്ധ കവിതകളവതരിപ്പിച്ചു●

## പത്തനംതിട്ടയിൽ ലഹരിവിരുദ്ധ സംഗമം

മദ്യവിരുദ്ധ ജനകീയ സമര സമിതിയുടെ ആഭിമുഖ്യത്തിൽ പത്തനംതിട്ടയിൽ ജൂൺ 26ന് നടന്ന ലഹരിവിരുദ്ധ സംഗമം ഫാദർ സാം പി.ജോർജ്ജ് ഉദ്ഘാടനം ചെയ്തു. പത്തനംതിട്ട പൗരസമിതി പ്രസിഡണ്ട് പി.രാമചന്ദ്രൻ നായർ അദ്ധ്യക്ഷത വഹിച്ചു. എസ്.രാധാമണി, രാജൻ പടിയറ, കെ.എം.വേണുക്കുട്ടൻ, എസ്‌രാജീവൻ, ജോസ് പനച്ചക്കൽ, അബ്ദുൽ കരീം ആസാദ്, ഭേഷജം പ്രസന്നകുമാർ തുടങ്ങിയവർ പ്രസംഗിച്ചു. കേരളത്തിൽ മദ്യലഭ്യത വർധിപ്പിക്കുന്ന നയങ്ങൾ നടപ്പിലാക്കുകയും ഗവണ്മെന്റ് ജൂൺ 26 ആഘോഷമാക്കുകയും ചെയ്യുകയാണ്. ആത്മാർത്ഥതയുണ്ടെങ്കിൽ മദ്യം വ്യാപകമാകുന്ന നയം തിരുത്തുകയാണ് ചെയ്യേണ്ടതെന്ന് യോഗം അഭിപ്രായപ്പെട്ടു●




ഫാദർ സാം പി.ജോർജ്ജ് സംഗമം ഉദ്ഘാടനം ചെയ്യുന്നു




പ്രതിഷേധ യോഗം എൻ.യു.ജോൺ ഉദ്ഘാടനം ചെയ്യുന്നു

## കർഷകർ പ്രകടനവും പ്രതിഷേധയോഗവും നടത്തി

കർഷകരുടെ ദേശീയ പ്രക്ഷോഭണത്തിന്റെ ഭാഗമായി രാഷ്ട്രീയ കിസാൻ മഹാസംഘിന്റെയും കർഷക പ്രതിരോധ സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ ജൂൺ 10ന്റെ കരിദിനാചരണത്തോടനുബന്ധിച്ച് തൊടുപുഴയിൽ പ്രകടനവും പ്രതിഷേധയോഗവും നടത്തി. കർഷകരെ കടവിമുക്തരാക്കുക, കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ജൂൺ 1 മുതൽ 10 വരെ നടത്തിയ ദേശീയ കർഷക സമരത്തിന്റെ ഭാഗമായാണ സംസ്ഥാനത്ത് ജൂൺ 10ന് കരിദിനാചരണം നടത്തിയത്.

പ്രൈവറ്റ് ബസ് സ്റ്റാന്റിന് സമീപത്തുനിന്നും ആരംഭിച്ച പ്രകടനം ടൗൺ ഹാൾ ജംഗ്ഷനിൽ സമാപിച്ചു. എൻ.വിനോദ്കുമാർ അദ്ധ്യക്ഷനായി. എൻ.യു ജോൺ ഉദ്ഘാടനം ചെയ്തു. ടി.ജെ. പീറ്റർ, സിബി സി. മാത്യു, സെബാസ്റ്റ്യൻ അബ്രഹാം തുടങ്ങിയവർ പ്രസംഗിച്ചു. മാത്യു കൊന്നയ്ക്കൽ, പി.ഡി. ജോസ്, ജോയി കാഞ്ഞിരക്കൊമ്പിൽ, ജയിംസ് മുട്ടം തുടങ്ങിയവർ പ്രകടനത്തിന് നേതൃത്വം നൽകി●

## പിരിച്ചുവിട്ട അധ്യാപികമാരെ തിരിച്ചെടുക്കുക കെയുഎസ്ടിഒ ധർണ്ണ

കിടങ്ങന്നൂർ നാൽക്കാലിക്കൽ ശ്രീ വിജയാനന്ദ വിദ്യാലയ എൽ പി സ്കൂളിൽ നിന്നും അകാരണമായി പിരിച്ചുവിട്ട മൂന്ന് അധ്യാപികമാരെ തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ട് കേരള അൺ എയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് ഓർഗനൈസേഷൻ നാക്കാലിക്കൽ ജംഗ്ഷനിൽ പ്രതിഷേധ ധർണ്ണ നടത്തി.

യാതൊരു മുന്നറിയിപ്പും കൂടാതെ മെയ് 28ന് ഫോണിലാണ് സ്കൂളിൽ നിന്നും പിരിച്ചുവിട്ടതായി അധികൃതർ അറിയിക്കുന്നത്. അവധിക്കാലത്ത് സ്കൂളിലേക്ക് കുട്ടികളെ ക്യാൻവാസ് ചെയ്യുന്നതിലും അധ്യാപക ട്രെയിനിങ് ഉൾപ്പെടെ ഉള്ള ഇതരപ്രവർത്തനങ്ങളിലും പങ്കെടുത്തുകൊണ്ടിരുന്നവരാണ് ഈ അധ്യാപികമാർ.

4500 രൂപയിൽ താഴെ മാത്രം ശമ്പളമാണ് മാനേജ്മെൻറ്, 16ഉം 12ഉം വർഷം സ്കൂളിനുവേണ്ടി സേവനം നടത്തിയ ഇവർക്ക് നൽകിയിരുന്നത്. സ്കൂളിൽ നിലവിലുള്ള അധ്യാപകരിൽ ഭൂരിപക്ഷത്തിനും മതിയായ യോഗ്യതയില്ലെന്ന ആരോപണമുള്ള സാഹചര്യത്തിൽ യോഗ്യതയുള്ള മൂന്ന് അധ്യാപകരെയാണ് ഒഴിവാക്കിയിരിക്കുന്നത്.

ജനകീയ പ്രതിരോധ സമിതി സംസ്ഥാനകമ്മിറ്റി അംഗം എസ്.രാജീവൻ ധർണ്ണ ഉദ്ഘാടനം ചെയ്തു. രീതിക ടീച്ചർ അധ്യക്ഷത വഹിച്ചു. എഐയുടിയുസി ജില്ലാ സെക്രട്ടറി കെ.ജി.അനിൽകുമാർ, അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന ജില്ലാ സെക്രട്ടറി എസ്.രാധാമണി, കെയുഎസ്ടിഒ ജില്ലാ വൈസ് പ്രസിഡൻറ് ലക്ഷ്മി ആർ. ശേഖർ, സേവ് എജ്യുക്കേഷൻ സംസ്ഥാന കമ്മിറ്റി അംഗം ബിനു ബേബി തുടങ്ങിയവർ പ്രസംഗിച്ചു●




എസ്.രാജീവൻ ധർണ്ണ ഉദ്ഘാടനം ചെയ്യുന്നു

# പരീക്ഷകളെ പ്രഹസനമാക്കുന്ന വിദ്യാഭ്യാസ നയം: വിദ്യാഭ്യാസത്തെത്തന്നെ പ്രഹസനമാക്കുന്നു.

**സ്കൂൾതലത്തിൽ എട്ടാംക്ലാസ്സുവരെയുള്ള 'തോൽവിയില്ലാ നയ'ത്തെ (No Detention Policy) സംബന്ധിച്ച് പാർലമെന്റിന്റെ വർഷകാല സമ്മേളനം ചർച്ച ചെയ്യുമെന്ന് കേന്ദ്ര മാനവവിഭവശേഷിവകുപ്പ് മന്ത്രി പറഞ്ഞതായി, ജൂൺ 3നും ശേഷവും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ഏതു ക്ലാസു മുതൽ ജയം–തോൽവി സമ്പ്രദായം തിരികെ കൊണ്ടുവരണമെന്ന് തീരുമാനിക്കാനുള്ള അവകാശം സംസ്ഥാനങ്ങൾക്കായിരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 2017 ജൂലൈയിൽ മാനവവിഭവശേഷി വകുപ്പ് മന്ത്രി തന്നെ അഞ്ച്, എട്ട് ക്ലാസുകളിൽ മാത്രമായി പരീക്ഷകൾ തിരികെ കൊണ്ടുവരുമെന്നും പ്രഖ്യാപിച്ചിരുന്നു.**



**സ്കൂ**ളുകളിൽ 'തോൽവി ഒഴിവാക്കൽ നയം' സൃഷ്ടിച്ച പൊതു അന്തരീക്ഷത്തെ മാറ്റാനോ, മെച്ചപ്പെടുത്താനോ അദ്ധ്യാപനത്തോടും പഠനത്തോടും ആഭിമുഖ്യം വളർത്തുവാനോ ഈ തീരുമാനം സഹായിക്കില്ല. മറിച്ച് ആശയക്കുഴപ്പമുണ്ടാക്കാനും, ഒന്നാം ക്ലാസ് മുതൽ തന്നെ ജയം–തോൽവി സമ്പ്രദായം പുനഃസ്ഥാപിക്കാനുള്ള ശ്രമത്തെ തകർക്കാനും ഇത് ഇടയാക്കും. അതിലുപരിയായി, ഈ രണ്ടു ഘട്ടങ്ങളിലും തോൽക്കുന്ന കുട്ടികൾ പഠനം നിർത്തുന്നതിലേക്കാവും ആത്യന്തികമായി ഇതു നയിക്കുക. അങ്ങനെ, സർക്കാർ സ്ക്കൂളുകളിലും സർക്കാർ എയ്ഡഡ് സ്കൂളുകളിലും പഠിക്കുന്ന, ദരിദ്രകുടുംബങ്ങളിൽ നിന്നുള്ള സാധാരണ കുട്ടികൾക്ക് വിദ്യാഭ്യാസം തന്നെ നിഷേധിക്കാനുള്ള ശക്തമായ ഉപകരണമായി അതു മാറും.

### 'തോൽവിയില്ലാ നയം' കടന്നുവന്ന വഴികൾ

മുപ്പത്തിയേഴു വർഷങ്ങൾക്കു മുമ്പ് പശ്ചിമബംഗാളിൽ ഇടതുമുന്നണി സർക്കാരാണ് തോൽവിയില്ലാ നയത്തിന് തുടക്കം കുറിച്ചത്. സിപിഐ(എം) നേതൃത്വം നൽകിയ ഇടതുമുന്നണി, പ്രൈമറി തലത്തിൽ, അതായത് ഒന്നാം ക്ലാസു മുതൽ നാലാം ക്ലാസു വരെ, 'തോൽവി ഒഴിവാക്കൽ നയം' അതായത് എല്ലാവർക്കും ക്ലാസ് കയറ്റം അഥവാ ജയം–തോൽവി സമ്പ്രദായം ഇല്ലാതാക്കൽ അടിച്ചേൽപ്പിച്ചു.

പരീക്ഷാ കേന്ദ്രീകൃതമായ വിദ്യാഭ്യാസ സമ്പ്രദായത്തിൽ വിദ്യാർത്ഥികൾ പഠിക്കുന്നില്ല, മനഃപാഠമാക്കുന്നതേയുള്ളൂ എന്നതായിരുന്നു ഉപോത്ബലകമായി നിരത്തിയ ഒരു വാദം. പ്രൈമറിതലത്തിലാകട്ടെ, തോൽവിയെക്കുറിച്ചുള്ള ഭീതിയും ഒരേ ക്ലാസിൽ വീണ്ടും പഠിക്കേണ്ടിവരുന്നതിന്റെ ചെലവും വൻതോതിലുള്ള കൊഴിഞ്ഞുപോക്കിനു കാരണമായത്രേ. ഇതിൽ നിന്നും സൂചനയുൾക്കൊണ്ട്, കുറച്ചു വർഷങ്ങൾക്കുശേഷം കേന്ദ്രത്തിലെ കോൺഗ്രസ് സർക്കാർ രൂപീകരിച്ച 'ദേശീയ വിദ്യാഭ്യാസ നയ'ത്തിൽ, (NPE 86) ഒരു ഭാഗത്ത് പ്രൈമറിതലത്തിൽ ജയം–തോൽവി സമ്പ്രദായം ഇല്ലാതാക്കാനും, മറ്റൊരു ഭാഗത്തിൽ എട്ടാം ക്ലാസു വരെ ഒഴിവാക്കാനും നിർദ്ദേശിച്ചിരുന്നു. മനഃപൂർവമായ ഈ ആശയക്കുഴപ്പത്തെ മുതലെടുത്തുകൊണ്ട്, പ്രൈമറിയാകട്ടെ സെക്കന്ററിയാകട്ടെ, ജയം–തോൽവി സമ്പ്രദായത്തെ ഇല്ലാതാക്കുകയെന്നത് അംഗീകരിക്കപ്പെട്ടു.

2009–ൽ കേന്ദ്രം ഭരിച്ച കോൺഗ്രസ് നേതൃത്വത്തിലുള്ള യുപിഎ സർക്കാർ, ഏറെ കൊട്ടിഘോഷിച്ച് 'വിദ്യാഭ്യാസ അവകാശ നിയമം' പാസ്സാക്കിയെടുത്തപ്പോൾ ഈ ലക്ഷ്യം കൂടുതൽ വ്യക്തമായി. ഈ നിയമത്തിൽ, വിദ്യാഭ്യാസം നിർബന്ധിതമാക്കിയതിനൊപ്പം, സർക്കാർ, സർക്കാർ എയിഡഡ് സ്ക്കൂളുകളിൽ എട്ടാം ക്ലാസു വരെ തോൽവി ഒഴിവാക്കൽ നയവും നിർബന്ധിതമാക്കി.

### വിദ്യാഭ്യാസത്തിനുമേലുള്ള മുതലാളിത്ത ആക്രമണപദ്ധതി

തോൽവി ഒഴിവാക്കൽ നയമെന്നത് ഒരു ഒറ്റപ്പെട്ട പ്രശ്നമല്ല. സ്വാതന്ത്ര്യാനന്തരം, കക്ഷിരാഷ്ട്രീയഭേദമന്യേ എല്ലാ സർക്കാരുകളും നാളിതുവരെ നടപ്പാക്കാൻ ശ്രമിച്ച വിദ്യാഭ്യാസപരിഷ്കാരങ്ങളുടെ അനിവാര്യ തുടർച്ചതന്നെയാണ്. എങ്ങനെയും അധികാരത്തിൽ കടിച്ചുതൂങ്ങി നേട്ടം കൊയ്യാൻ ആഗ്രഹിച്ച, അവരുടെ യജമാനനായ ഭരണമുതലാളിവർഗ്ഗത്തിന്റെ താൽപ്പര്യങ്ങൾക്കു വേണ്ടിയായിരുന്നു അത്. ഈ പരിഷ്കാരങ്ങളിലൂടെ ദരിദ്ര–മധ്യവർഗ്ഗ ജനവിഭാഗങ്ങൾക്ക് മികച്ച വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ വെട്ടിച്ചുരുക്കപ്പെട്ടു. അതിലൂടെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ എണ്ണം 'കുറയ്ക്കുന്നതിൽ' ഭരണാധികാരികൾ വിജയിച്ചു.

വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണത്തിലുള്ള ദൗർലഭ്യം, ഉള്ളവയിൽ തന്നെ അർഹരായ വിദ്യാർത്ഥികൾക്ക് മതിയായ അവസരങ്ങൾ ഇല്ലാതിരിക്കുക, വിദ്യാഭ്യാസമേഖലയോടുള്ള ഉത്തരവാദിത്തത്തിൽ നിന്നും സർക്കാർ പരസ്യമായി ഒഴിഞ്ഞുമാറുക, ആരോഗ്യമേഖലയെ പോലെ സ്വകാര്യമൂലധന നിക്ഷേപം നടത്തി ലാഭം കൊയ്യാനുള്ള മറ്റൊരു മേഖലയാക്കി വിദ്യാഭ്യാസരംഗവും തുറന്നിട്ടുകൊടുക്കുക തുടങ്ങിയ ഘടകങ്ങളെല്ലാം പാവപ്പെട്ട ജനകോടികൾക്ക് മികച്ച വിദ്യാഭ്യാസം നേടുകയെന്നത് അത്യന്തം ദുഷ്ക്കരമാക്കിത്തീർത്തു.

മതേതര–ശാസ്ത്രീയ വിദ്യാഭ്യാസത്തെ തകർക്കുക, അന്ധവിശ്വാസവും മുൻവിധികളും മതഭ്രാന്തും പ്രോൽസാഹിപ്പിക്കുക, ചരിത്രത്തെ സംബന്ധിക്കുന്ന അശാസ്ത്രീയവും യുക്തിരഹിതവുമായ വീക്ഷണം പാഠപുസ്തകങ്ങളിൽ തിരുകികയറ്റുക, ഒളിഞ്ഞും തെളിഞ്ഞും വിദ്യാഭ്യാസത്തിനു വർഗ്ഗീയച്ഛായ നൽകുക ഇതെല്ലാം വിദ്യാഭ്യാസരംഗത്ത് ഇന്ന് ആസൂത്രിതമായി നടപ്പിലാക്കുകയാണ്. മനുഷ്യനെ സൃഷ്ടിക്കുക എന്ന വിദ്യാഭ്യാസ പ്രക്രിയയുടെ അടിസ്ഥാന സമീപനം ഇതിലൂടെ തകർക്കപ്പെടുന്നു. ഇതൊന്നും പോരാഞ്ഞ് വിദ്യാഭ്യാസത്തിന്റെയും വിദ്യാഭ്യാസസ്ഥാപനങ്ങളുടേയും, അധ്യാപക–വിദ്യാർത്ഥി സംഘടനകളുടേയും ജീവനക്കാരുടെ സംഘടനകളുടേയും സ്വയംഭരണവും സ്വാതന്ത്ര്യവും സർക്കാരുകൾ നിരന്തരം നിയന്ത്രിക്കുന്നു.

എരിതീയിൽ എണ്ണ ഒഴിക്കുന്നതു പോലെയാണ് ഈ ആക്രമണങ്ങൾക്കൊപ്പം തോൽവി ഒഴിവാക്കൽ നയം. നാലു ദശകത്തിന് മുമ്പ് ബംഗാളിൽ സിപിഐ(എം) തുടക്കമിട്ട ഈ നയം കോൺഗ്രസ് രാജ്യവ്യാപകമാക്കിയെങ്കിൽ ഇപ്പോൾ ബിജെപി ഏറ്റെടുത്തിരിക്കുന്നു. മറ്റു സംസ്ഥാനസർക്കാരുകളും ഇത് പിന്തുടരുന്നതിൽ വീഴ്ച വരുത്തിയിട്ടില്ല. പശ്ചിമബംഗാളിൽ ഇപ്പോൾ അധികാരത്തിലിരിക്കുന്ന തൃണമൂൽ കോൺഗ്രസ്, സിപിഐ(എം) കൊണ്ടുവന്ന 'തോൽവി ഒഴിവാക്കൽ' നയത്തിന്റെ കടുത്ത വിമർശകരായിരുന്നു. എന്നാൽ അധികാരത്തിലേറിയപ്പോൾ 2009–ലെ വിദ്യാഭ്യാസ അവകാശനിയമം പിന്തുടരണമെന്ന ന്യായം പറഞ്ഞ് എട്ടാം ക്ലാസു വരെ ജയം–തോൽവി സമ്പ്രദായം വേണ്ടെന്നുവെച്ചു. പ്രതിഷേധത്തെത്തുടർന്ന് ഒന്നാം ക്ലാസു മുതൽ ജയം–തോൽവി തിരികെ കൊണ്ടുവരാമെന്ന് സമ്മതിച്ചുവെങ്കിലും അടുത്ത ശ്വാസത്തിൽ തന്നെ അത് മൂന്നാം ക്ലാസെന്നും തുടർന്ന് അഞ്ചാം ക്ലാസെന്നും നിലപാട് മാറ്റി. അത് കൊണ്ടുതന്നെ, 'തോൽവി ഒഴിവാക്കൽ' നയമെന്നത് വ്യക്തമായും സാധാരണജനത്തിന്റെ താൽപ്പര്യങ്ങൾക്കു വിരുദ്ധമായ, ഭരണകൂടത്തിന്റെ മാത്രം താൽപ്പര്യത്തിനനുസരിച്ചുള്ള ഒന്നായി തിരിച്ചറിയേണ്ടതുണ്ട്.

### തെറ്റെന്ന് സമ്മതിച്ചിട്ടും നയം സർക്കാരുകൾ തുടരുന്നു

37 വർഷങ്ങൾക്കു മുമ്പ് അവതരിപ്പിക്കപ്പെട്ടപ്പോൾ മുതൽ തോൽവി ഒഴിവാക്കൽ നയം വിവാദങ്ങൾക്കു നടുവിലായിരുന്നു. ഈ നയം തുടരുന്നതിന് ഭരണകർത്താക്കളും നയനിർമ്മാതാക്കളും നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു. ഈ നയത്തെ വ്യർത്ഥമായി പിന്തുണക്കുന്ന ഒരു വിഭാഗം ബുദ്ധിജീവികളും അവരോടൊപ്പമുണ്ട്. മുന്തിയ സ്വകാര്യ സ്കൂളുകളിൽ കുട്ടികളെ പഠിപ്പിക്കുന്ന സമ്പന്ന–അതിസമ്പന്ന ജനവിഭാഗങ്ങളാകട്ടെ ഈ വിഷയത്തിൽ തീരെ അസ്വസ്ഥരായിരുന്നില്ല. പക്ഷേ, സർക്കാർ–സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ കുട്ടികളെ പഠിപ്പിക്കുന്ന, ദരിദ്ര–മധ്യവർഗ്ഗ കുടുംബങ്ങളിൽ നിന്നുള്ള രക്ഷിതാക്കളും വലിയൊരു വിഭാഗം അധ്യാപകരും വിദ്യാഭ്യാസസ്നേഹികളും ഈ നയത്തിന്റെ പ്രത്യാഘാതങ്ങൾ തിരിച്ചറിയാതിരുന്നില്ല. രാജ്യത്തെ നല്ലൊരു വിഭാഗം വിദ്യാലയങ്ങളിലും അധ്യയനത്തിന്റെയും പഠനത്തിന്റെയും പ്രക്രിയകളെ ഇത് തകർത്തിരിക്കുന്നു എന്ന് തിരിച്ചറിഞ്ഞവർ ഈ നയത്തിനെതിരെ പ്രതിഷേധവുമായി രംഗത്തുവന്നു.

ഈ പ്രതിഷേധങ്ങളുടെ സമ്മർദ്ദത്താൽ, കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഉള്ള സർക്കാരുകൾക്ക് ഈ നയം പരാജയമായി എന്നു സമ്മതിക്കേണ്ടി വന്നു. എന്നാൽ, ഈ നയം പിൻവലിക്കുന്നതിനു പകരം തങ്ങളുടെ അഭിപ്രായങ്ങളും വാദങ്ങളും അടിക്കടി മാറ്റുകയാണ് സർക്കാരുകൾ.

1980കളിൽ തന്നെ, ഈ നയത്തിന്റെ പേരിൽ വിമർശനം ഏൽക്കേണ്ടിവന്നപ്പോൾ സിപിഐ(എം) കേന്ദ്രസർക്കാരിന്റെ 1986–ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ നിബന്ധനകൾ പാലിക്കുക മാത്രമാണ് തങ്ങളെന്ന വാദമാണ് ഉയർത്തിയത്. എന്നാൽ തങ്ങൾ തന്നെയാണ് ഈ കീഴ്വഴക്കം സൃഷ്ടിച്ചത് എന്ന വസ്തുത അവർ മറച്ചുവെക്കാൻ ശ്രമിച്ചു. 2013–ൽ, യുപിഎ ഭരണകാലത്ത് മാനവവിഭവശേഷി വകുപ്പിനായുള്ള പാർലമെന്ററി സ്റ്റാൻഡിങ്ങ് കമ്മിറ്റി അവലോകന റിപ്പോർട്ടിൽ ശുപാർശ ചെയ്തത്, ജയം–തോൽവി സമ്പ്രദായം തിരികെ കൊണ്ടുവരണമെന്നാണ്. അടുത്ത ക്ലാസിലേക്കുള്ള കയറ്റം സുനിശ്ചിതമാണെന്ന് അറിയുന്ന വിദ്യാർത്ഥികൾക്ക് കഠിനാധ്വാനം ചെയ്യാനോ പഠിക്കാനോ ഇത് പ്രേരകമാകുന്നില്ലെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടി.

പിന്നീട് 2015–ൽ, ഇപ്പോഴത്തെ ബിജെപി ഭരണകാലത്ത്, എട്ടാം ക്ലാസുവരെ തോൽവി ഒഴിവാക്കൽനയം പിൻവലിക്കണമെന്ന് വിവിധ സംസ്ഥാനങ്ങളുടെ പ്രതിനിധികൾ മാനവവിഭവശേഷി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചു. നിസ്സഹായരായി അവർ പറഞ്ഞത്, എട്ടാം ക്ലാസു വരെ തങ്ങൾ തോൽപ്പിക്കാത്ത കുട്ടികൾക്ക് ഒമ്പതാം ക്ലാസ് പാസ്സാകാൻ കഴിയുന്നില്ലയെന്നാണ്. 2016 ആഗസ്തിൽ കേന്ദ്ര–സംസ്ഥാന മന്ത്രിമാർ പങ്കെടുത്ത, വിദ്യാഭ്യാസത്തിനായുള്ള കേന്ദ്ര ഉപദേശക ബോർഡ് (CABE) സമ്മേളനം ഏകകണ്ഠമായി തീരുമാനിച്ചത് തോൽവി ഒഴിവാക്കൽ നയം പിൻവലിക്കണം എന്നാണ്. പക്ഷേ, 2016 ഒക്ടോബർ 25ന് ചേർന്ന 64–ാം ഉപദേശക ബോർഡ് സമ്മേളനം ഇതിൽ നിന്നും പിന്നോട്ടു പോയി തീരുമാനിച്ചത്, അഞ്ചാം ക്ലാസു വരെ ഒരു കുട്ടിയേയും തോൽപ്പിക്കേണ്ട എന്നാണ്. ദേശീയ വിദ്യാഭ്യാസനയത്തിന്റെ കരടിൽ പോലും ബിജെപി സർക്കാർ വ്യക്തമാക്കുന്നത്, തോൽവി ഒഴിവാക്കൽ നയം കുട്ടികളുടെ അക്കാദമിക നിലവാരത്തെ ഗുരുതരമായി ബാധിച്ചിട്ടുണ്ട് എന്നാണ്. എന്നിട്ടും നേരത്തേ പരാമർശിച്ചതു പോലെ, ബിജെപി നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ ഇപ്പോൾ സങ്കൽപ്പിക്കുന്നത്, ജയം–തോൽവി സമ്പ്രദായം അഞ്ച്, എട്ട് ക്ലാസുകളിൽ മാത്രമായി അവതരിപ്പിക്കാനാണ്.

### അനുകൂലവും പ്രതികൂലവുമായുള്ള വാദങ്ങൾ

ഈ നയത്തിനു പിന്നിലെ യുക്തി എന്താണ്? എത്ര നാൾ ഇതിനു നിലനിൽക്കാനാകും? പരീക്ഷകൾ നിറഞ്ഞ നമ്മുടെ വിദ്യാഭ്യാസ സംവിധാനത്തിൽ വിദ്യാർത്ഥികൾ അതിനായുള്ള മനഃപാഠമാക്കലേ സാധ്യമാകൂ എന്നാണ് നയത്തിന്റെ അനുകൂലികൾ വാദിക്കുന്നത്. ഇത് അവരുടെ പഠനത്തെ തടസ്സപ്പെടുത്തുന്നുവത്രേ. തോൽവിയേയും തുടർന്ന് ക്ലാസ് കയറ്റം തടയുന്നതും ഭയപ്പെട്ട് അവർ പരീക്ഷകളെ വെറുക്കും. പഠനവിമുഖത അനുഭവിച്ച് അവസാനം കൊഴിഞ്ഞുപോകും. തോൽവി മൂലം മാതാപിതാക്കൾക്കുണ്ടാകുന്ന അധികക്ലേശം കൊഴിഞ്ഞുപോക്കിനു മറ്റൊരു കാരണമാകുന്നു. അതിനവർ കണ്ടുപിടിച്ച പരിഹാരമാണ്, ജയം–തോൽവി സമ്പ്രദായം ഒഴിവാക്കി പകരം പല വിദേശരാജ്യങ്ങളിലുമുള്ളതുപോലെ, ഗ്രേഡ് സംവിധാനം ഉപയോഗിക്കുന്ന സമഗ്ര–നിരന്തര വിലയിരുത്തൽ രീതി കൊണ്ടുവരികയെന്നത്.

കുറവുകൾ ഉണ്ടെങ്കിലും, ഈ പരീക്ഷാസമ്പ്രദായമെന്നത് കാലാകാലങ്ങളായി പരീക്ഷിച്ചു വിജയിച്ച വിലയിരുത്തൽ രീതി തന്നെയാണ്. കുട്ടികൾ എന്തു പഠിച്ചു എന്നതു മാത്രമല്ല, അധ്യാപനം എത്രത്തോളം വിജയകരവും ഫലപ്രദവുമാണെന്നും ഈ സമ്പ്രദായം വിലയിരുത്തുന്നു. അതുകൊണ്ടു തന്നെ, പഠനത്തിലും അധ്യാപനത്തിലും ഉണ്ടായേക്കാവുന്ന കുറ്റങ്ങളും കുറവുകളും കണ്ടെത്താനും പരിഹരിക്കാനുമുള്ള പരിശോധനയാണിത്. ഒന്നു മുതൽ എട്ടാം ക്ലാസു വരെ നിരന്തരവും സ്വാഭാവികയുമായ ക്ലാസ് കയറ്റം നൽകുമ്പോൾ കുറവുകൾ കണ്ടെത്താനും പരിഹരിക്കുവാനുമുള്ള അവസരം ഇല്ലാതാവുകയും, കാലാന്തരത്തിൽ പുരോഗതിക്കായുള്ള പ്രചോദനം ഇല്ലാതാകുകയും ചെയ്യും.

എത്രത്തോളം വിജയകരമായിരുന്നു എന്നു സ്വയം പരിശോധിക്കാനുള്ള അവസരം നഷ്ടപ്പെടുന്ന അധ്യാപകർക്കാകട്ടെ, തന്റെ മുൻകൈ മങ്ങുകയും ദിവസങ്ങളും മാസങ്ങളും വർഷങ്ങളും അർത്ഥമില്ലാത്ത, ലക്ഷ്യമില്ലാത്ത പ്രക്രിയകൾ തുടർന്നു പോകുന്നതിൽ മനംമടുക്കുകയും ചെയ്യും. അധ്യാപകരിലേയും വിദ്യാർത്ഥികളിലേയും സമർപ്പണം കുറഞ്ഞവർ മാത്രമാകും ഇതിന്റെ ആകെ ഗുണഭോക്താക്കൾ. തങ്ങൾ ചെയ്യേണ്ടത്, അത് പഠനമായാലും അധ്യാപനമായാലും ഒഴിവാക്കി രക്ഷപ്പെടാനുള്ള എളുപ്പവഴിയാണ് അവർക്ക് ലഭിക്കുന്നത്. തീർച്ചയായും ഇത് പഠനത്തിന്റേയും അധ്യാപനത്തിന്റെയും ഗുണത്തേയും നിലവാരത്തേയും കുറിച്ചുതന്നെ പറയുന്നു. ഇതു തന്നെയാണ്, രാജ്യമൊട്ടാകെയുള്ള അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും രക്ഷിതാക്കളുടേയും ബന്ധപ്പെട്ട മറ്റുള്ളവരുടേയും അനുഭവം.

### യാഥാർത്ഥ്യമെന്താണ്?

ഇൻർനാഷണൽ ഹ്യൂമാനിറ്റീസ് ആന്റ് സോഷ്യൽ സയൻസ് ജേർണലിൽ വന്ന ഒരു ലേഖനത്തിൽ വിദ്യാർത്ഥികളെ കുറിച്ചു പറയുന്നത്, 'എട്ടാം ക്ലാസു വരെ തോൽവിയില്ലാതെ ജയിപ്പിച്ചു വിട്ട കുട്ടികളിൽ അല്ലലറിയാത്ത, അലസമനോഭാവം വളർന്നിരിക്കും. ഈ മനോഭാവം, ഒമ്പതാം ക്ലാസ്സിൽ എത്തുമ്പോൾ പെട്ടെന്നു മാറ്റുക അ

(ശേഷം 7–ാം പേജിൽ)

# 'തോൽവിയില്ലാ നയം' ഭരണകൂടത്തിന്റെ മാത്രം താൽപര്യങ്ങൾ സംരക്ഷിക്കാനുള്ളത്

*(6-ാം പേജിൽ നിന്ന്)*

സാധ്യമാണ്. സ്വാഭാവികമായും പഠനസമ്മർദ്ദത്തെ നേരിടാനാകാതെ അവർ തകരുന്നു. ബോർഡ് പരീക്ഷകൾക്കുപോലും അവരുടേത് മോശം പ്രകടനമായിരിക്കും.' (തോൽവി ഒഴിവാക്കൽ നയം: യുക്തിയും യാഥാർത്ഥ്യവും-ഒരു വിലയിരുത്തൽ. IJHSSS വോള്യം 2, ലക്കം 1, ജൂലൈ 2015)

ദേശീയതലത്തിലെ വിവരസഞ്ചയമായ, വിദ്യാഭ്യാസത്തിന്റെ വാർഷികസ്ഥിതി റിപ്പോർട്ട് നിരന്തരം കാണിക്കുന്നത്, രണ്ടാം ക്ലാസ്സിലെ പാഠപുസ്തകത്തിലെ ഒരു ഖണ്ഡിക വായിക്കാനോ, ഒരു നിസ്സാര കണക്കു ചെയ്യാനോ അഞ്ചാം ക്ലാസ്സിലെ പകുതിയോളം കുട്ടികൾക്കും സാധിക്കുന്നില്ല എന്നാണ്. പത്താം ക്ലാസ്സിലെ നാലിലൊന്ന് കുട്ടികളുടേതും നാലാം ക്ലാസ് നിലവാരത്തിനു തുല്യമാണ്. (ടൈംസ് ഓഫ് ഇന്ത്യ, 2015 സെപ്റ്റംബർ 27)

കേന്ദ്രബിജെപി സർക്കാരിന്റെ 2016ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ കരടു പ്രകാരം, 'കുട്ടികൾ അടിസ്ഥാനനൈപുണ്യംപോലും നേടുന്നില്ല. അഞ്ചാം ക്ലാസ്സിലെ കുട്ടികൾക്കുപോലും ലളിതമായ വാക്യങ്ങൾ വായിക്കാനോ, നിസ്സാര കണക്കുകൂട്ടലുകൾ ചെയ്യാനോ സാധിക്കുന്നില്ല.' ഈ ഗുരുതരമായ അക്കാദമികതകരാറുകളുടെ കാരണം തോൽവിയില്ലാ നയമാണ് എന്നതാണ് കണ്ടെത്തൽ.

ഇനി അധ്യാപകരുടെ കാര്യമെടുത്താലോ, കേന്ദ്രസർക്കാരിന്റെ സ്ഥിതിവിവരക്കണക്ക്-പദ്ധതി നിർവ്വഹണ മന്ത്രാലയത്തിന്റെ 2015-ലെ ദേശീയ സാമ്പിൾ സർവ്വേ റിപ്പോർട്ട് നോക്കാം. 'എല്ലാവരുടേയും അല്ലെങ്കിൽകൂടി വളരെയധികം അധ്യാപകരുടെ ജോലിയോടുള്ള ഗൗരവം തോൽവി ഒഴിവാക്കൽ നയം വന്നതോടെ നഷ്ടമായി. ക്ലാസ്സിലെ വിദ്യാർത്ഥികളെല്ലാവരും, പഠനത്തോട് ഒട്ടും താൽപ്പര്യമില്ലാത്തവർ പോലും, അടുത്ത ക്ലാസ്സിലേക്കു പോകും എന്നു തിരിച്ചറിയുമ്പോൾ അവർക്ക് പഠിപ്പിക്കാനുള്ള എല്ലാ പ്രചോദനവും നഷ്ടമാവുകയാണ്. പഠിക്കാൻ താൽപ്പര്യം ഒട്ടുമില്ലാത്ത വിദ്യാർത്ഥികളുള്ള ക്ലാസ്സിൽ അധ്യാപകർക്ക് കാര്യമായി ഒന്നും ചെയ്യാനില്ല. തൽഫലമായി അവരിൽ വിമുഖത വളരുകയും ഉത്തരവാദിത്തം കുറയുകയും ചെയ്യുന്നു.' ഇതേ റിപ്പോർട്ട് തന്നെ ചൂണ്ടിക്കാട്ടുന്നത്, 'കേവലം 4% അധ്യാപകർ മാത്രമാണ് അധ്യാപക യോഗ്യതാ പരീക്ഷ (Teachers' Eligibity Tests) വിജയിക്കുന്നത്. കുറഞ്ഞത് രണ്ടു സംസ്ഥാനങ്ങളിലെങ്കിലും നാലിൽ മൂന്ന് അധ്യാപകർക്ക് അഞ്ചാം ക്ലാസ്സ് പാഠപുസ്തകത്തിലെ ശതമാനക്കണക്കുകൾ ചെയ്യാൻ കഴിയുന്നില്ല.'

അടുത്തതായി, നിരീക്ഷിച്ച ഫലങ്ങളിൽ നിന്നും നമുക്കു പറയാൻ സാധിക്കുന്നത് തോൽവി ഒഴിവാക്കൽ നയം എല്ലാം താറുമാറാക്കിയെന്നാണ്. 'ഗുണനിലവാരത്തിന്റെ കാര്യത്തിൽ വിദ്യാർത്ഥികൾ ദിനംപ്രതി പിന്നോട്ടുപോകുന്നു. സർക്കാർ സ്ക്കൂളുകളുടെ പ്രാധാന്യം കുറയുന്നു. അവ വിദ്യാർത്ഥികളില്ലാത്ത സ്ക്കൂളുകളായി മാറുന്നു. അധ്യാപകരാകട്ടെ ഈ ദോഷകരമായ വിദ്യാഭ്യാസനയത്തിന് തീർത്തും എതിരാണ്.' (തോൽവി ഒഴിവാക്കൽ നയം. ജമ്മു-കാശ്മീരിലെ നിലവാരമുള്ള പ്രൈമറി വിദ്യാഭ്യാസത്തിന് ഒരു അടിയന്തിരഭീഷണി, കുമാർ മുഹമ്മദ് ഹനീഫ്, ജെ എൻ ബ്ലിയ, മുഹമ്മദ് മായെം ലോൺ, സോഷ്യൽ സയൻസ് ആന്റ് ഹ്യുമാനിറ്റീസ് റിസർച്ച് ഇന്റർനാഷണൽ ജേർണൽ, വോള്യം 3 ലക്കം 3, ജൂലൈ-സെപ്റ്റംബർ 2015)

ഇന്ത്യയിലാണിന്ന് ഏറ്റവും കൂടുതൽ ശതമാനം കുട്ടികൾ സ്വകാര്യ സ്കൂളുകളിൽ പഠിക്കുന്നത്. 2017 ഡിസംബർ 26-ന്റെ ഒരു റിപ്പോർട്ട് പ്രകാരം രാജ്യമൊട്ടാകെ 150000 സർക്കാർ സ്ക്കൂളുകളാണ് അഞ്ചു കൊല്ലത്തിനിടയ്ക്ക് അടച്ചുപൂട്ടിയത്. അതു മൂലം, തങ്ങളുടെ കുട്ടികൾക്കും വിദ്യാഭ്യാസം ലഭിക്കണമെന്ന സാധാരണസ്വപ്നത്തിന്റെ പുറത്ത്, തങ്ങളുടെ കഴിവിനുമപ്പുറത്തുള്ള ഫീസ് കൊടുത്ത് ഉയർന്ന ചെലവുള്ള സ്വകാര്യസ്കൂളുകളിൽ അവരെ അയയ്ക്കാൻ ജനങ്ങൾ നിർബന്ധിതരാകുന്നു. ഒരു ദിവസം രണ്ടു നേരത്തെ ഭക്ഷണം ഒരു പ്രശ്നവും താമസയോഗ്യമായ ഭവനം ആർഭാടവുമായിരിക്കുന്ന വലിയൊരു വിഭാഗം രാജ്യവാസികളേയും ഇവിടെ കണക്കിലെടുക്കാതിരിക്കാം.

മാനവവിഭവശേഷി വകുപ്പിന്റെ കണക്കുകളെ അടിസ്ഥാനമാക്കി കൊൽക്കത്തയിലെ ടിഎൻഎൻ 2015 ജൂലൈയിൽ നടത്തിയ ഒരു സർവ്വേയിൽ കണ്ടെത്തിയത്, 'വിദ്യാഭ്യാസ അവകാശനിയമം നടപ്പാക്കി 6 വർഷം കഴിഞ്ഞിട്ടും 6 വയസ്സിനും 13 വയസ്സിനും ഇടയിലുള്ള 60 ലക്ഷത്തോളം കുട്ടികൾ രാജ്യത്ത് വിദ്യാലയങ്ങൾക്കു പുറത്താണെന്നതാണ്.' ഈ കണക്കുകളിൽ തന്നെ, സ്ക്കൂളുകളിൽ ഹാജർ വെക്കുന്ന, എന്നാൽ യഥാർത്ഥത്തിൽ തൊഴിലാളികളായി പണിയെടുക്കുന്ന കുട്ടികളും ഉൾപ്പെടുന്നു. വ്യക്തമായും, കുട്ടികളെ സ്കൂളിലയയ്ക്കാൻ വിദ്യാഭ്യാസ അവകാശനിയമം രക്ഷിതാക്കളെ നിർബന്ധിതരാക്കുന്നു. അധ്യാപകരാട്ടെ, തങ്ങളുടെ സ്ഥാനവും ജീവിതമാർഗ്ഗവും സംരക്ഷിക്കാൻ ഈ കുട്ടികളുടെ ഹാജർ രേഖപ്പെടുത്തുന്നു. പക്ഷേ, ജീവിതത്തിന്റെ ദുരിതയാഥാർത്ഥ്യങ്ങൾ, അവനവനും കുടുംബത്തിനും വരുമാനം കണ്ടെത്താനായി അവരെ സ്ക്കൂളിൽ നിന്നും പിടിച്ചിറക്കുന്നു. 2018 തുടക്കത്തിൽ, സ്കൂളിലെത്താത്ത കുട്ടികളുടെ രക്ഷിതാക്കൾക്കെതിരേ ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതിനുള്ള നിർദ്ദേശം കേന്ദ്ര വിദ്യാഭ്യാസ ഉപദേശക ബോർഡ് നൽകിയിരുന്നു എന്നത് ഇവിടെ പരാമർശിക്കേണ്ടതാണ്.

കോർപ്പറേറ്റ് സ്ഥാപനങ്ങൾ നിയന്ത്രിക്കുന്ന അച്ചടിമാധ്യമങ്ങൾ തന്നെ, മാതാപിതാക്കൾ പണിക്കുപോകുമ്പോൾ വീടുനോക്കാനോ, പണിയെടുത്തു വരുമാനം നേടാനോ കുട്ടികളെ നിയോഗിക്കുന്നതാണ് കൊഴിഞ്ഞുപോക്കിന്റെ പ്രധാനകാരണമെന്നു കണ്ട് വിമർശനം ഉന്നയിച്ചിരുന്നു. പരീക്ഷയോടും തോൽവിയോടുമുള്ള പേടി കാരണമാണ് കുട്ടികൾ കൊഴിഞ്ഞുപോകുന്നതെന്നവാദമാണ് ഇവിടെ പൊളിയുന്നത്. അതായത്, അസഹനീയമായ ദാരിദ്ര്യം മൂലം തങ്ങളുടെ കുട്ടികളെ തൊഴിലെടുക്കുന്നതിനോ, വീട്ടുവേലയെടുക്കുന്നതിനോ നിയോഗിക്കാൻ രക്ഷിതാക്കൾ നിർബന്ധിതരാകുന്നു.

ഇവിടെ, ഒരു കാര്യം കൂടി പറയേണ്ടതുണ്ട്. വിദ്യാർത്ഥികൾ കൂട്ടത്തോടെ പരീക്ഷയോട് വെറുപ്പ് പ്രകടിപ്പിക്കുകയാണെങ്കിൽ ആരാണ് ഉത്തരവാദി? സ്കൂളുകളിലും കോളേജുകളിലും നൂറുകണക്കിന് അധ്യാപക തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്. ഇതോടൊപ്പം, നിസ്സാരമായ കാര്യങ്ങൾക്കു വരെ അധ്യയനം തടസ്സപ്പെടുമ്പോൾ സിലബസ് പൂർത്തിയാകാതെ പോകുന്നു. വിദ്യാലയങ്ങളിൽ ആവശ്യത്തിന് ക്ലാസ്സ്മുറികൾ ഉണ്ടാകില്ല. മതിയായ കെട്ടിടങ്ങളോ പെൺകുട്ടികൾക്കുള്ള ശുചിമുറി അടക്കം മറ്റ് സൗകര്യങ്ങളോ ഉണ്ടാകില്ല. ലൈബ്രറി-ലബോറട്ടറി സൗകര്യങ്ങൾ പരിമിതി നിറഞ്ഞതും നോക്കാനാളില്ലാത്തതുമാകാം. ന്യായമായ കാര്യങ്ങളെ പ്രതിയുള്ള പ്രതിഷേധങ്ങൾ പോലും ഉരുക്കുമുഷ്ടി കൊണ്ട് അടിച്ചമർത്തപ്പെടുന്നു. വിശേഷിച്ചും അക്കാദമികവും പ്രവർത്തനപരവുമായ സ്വാതന്ത്ര്യവും, ദൈനംദിന പ്രവർത്തനങ്ങളും നാൾക്കുനാൾ, എല്ലാ നിറത്തിലും പെട്ട ഭരണകൂടങ്ങളുടെ ഇടപെടലുകളിലൂടെ, കൂടുതലായി നിയന്ത്രിക്കപ്പെടുന്നു. ഇതൊക്കെത്തന്നെ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ അന്തരീക്ഷത്തെ ദുഷിപ്പിക്കുന്നതിൽ ഏറിയും കുറഞ്ഞും സംഭാവന ചെയ്യുന്നു. അധ്യാപന-പഠന പ്രക്രിയയെത്തന്നെ ഇത് തകർക്കുന്നു. അപ്പോൾ, വിദ്യാർത്ഥികൾക്ക് പരീക്ഷയോട് പേടിയുണ്ടെങ്കിൽ തന്നെ, അതിന്റെ കാരണം ഇതൊക്കെയാണ്. മാറിമാറിവരുന്ന സർക്കാരുകളാണ് ഈ സാഹചര്യത്തിന് ഉത്തരവാദികൾ. രോഗിയെ കൈയൊഴിയുന്നതിനു മുമ്പ് രോഗം തിരിച്ചറിയേണ്ടതുണ്ട്.

**വ്യാധിമൂർച്ഛിപ്പിക്കുന്നതും യാഥാർത്ഥ്യബോധമില്ലാത്തതുമായ പരിഹാര നിർദ്ദേശങ്ങൾ**

മാർക്കുകൾക്കു പകരം ഗ്രേഡുകളിൽ മൂല്യനിർണ്ണയം നടത്തുന്ന സംവിധാനം പല വിദേശരാജ്യങ്ങളിലുമുണ്ടാകാം. എന്നാൽ നമ്മുടേതു പോലെ വിശാലമായൊരു രാജ്യത്ത്, വളരെയധികം വ്യത്യസ്ത സാഹചര്യങ്ങളുള്ള, വിവിധങ്ങളായ സാമൂഹിക-സാംസ്കാരിക-കുടുംബ പശ്ചാത്തലത്തിൽ നിന്നുള്ള കുട്ടികൾ വരുന്നിടത്ത്, പല സ്കൂളുകളും ദയനീയമായ അധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ പ്രവർത്തിക്കുന്നിടത്ത്, പലപ്പോഴും ഒന്നിലധികം ക്ലാസ്സുകൾ ഒരേ അധ്യാപകൻ തന്നെ നോക്കേണ്ടി വരുന്നിടത്ത്, സമഗ്ര-നിരന്തര മൂല്യനിർണ്ണയവും ഗ്രേഡ് സംവിധാനവും തൊലിപ്പുറമേയാണെന്നതു മാത്രമല്ല, അപ്രായോഗികവുമാണ്. മാത്രവുമല്ല, നിരന്തരമൂല്യനിർണ്ണയവും ഗ്രേഡുകളും, അധ്യാപകനും കുട്ടിയും തമ്മിൽ നേരിട്ടുള്ള ബന്ധത്തിൽ അധിഷ്ഠിതമാണ്. എന്നാൽ സംവിധാനമാകെത്തന്നെ സ്വജനപക്ഷപാതവും, വ്യാപകമായ അഴിമതിയിലും രാഷ്ട്രീയ ഇടപെടലുകളിലും നിന്നുണ്ടാകുന്ന മറ്റ് തിന്മകളും കൊണ്ട് പൊറുതിമുട്ടിയിരിക്കുമ്പോൾ, ഈ രണ്ടു മാർഗ്ഗങ്ങളും ഹാനികരമായ ഫലമുണ്ടാക്കുന്ന ദയനീയ പരാജയങ്ങളാകുമെന്നതിൽ സംശയമില്ല.

വഴങ്ങുന്ന വിദ്യാർത്ഥികൾക്ക് നേട്ടമുണ്ടാകും, പ്രതിഷേധിക്കുന്നവർ ഇരകളാകും.

കൂടുതൽ വിശദാംശങ്ങളിലേക്കു പോകുന്നതിനു മുമ്പ് രണ്ട് ഉദ്ധരണികൾ നോക്കാം. ആദ്യത്തേത്, ഇന്ത്യയിൽ നിന്നു തന്നെ, 2009ലെ യശ്പാൽ കമ്മിറ്റി റിപ്പോർട്ടിൽ നിന്ന്. 'പല സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഏറ്റവും കുറഞ്ഞ ചെലവിന്റെ മാനദണ്ഡത്തിലാണ് അധ്യാപകനിയമനം നടത്തുന്നത്. ഒട്ടും ആദരവോടെയല്ല അവരോട് പെരുമാറുന്നത്. ഇഷ്ടക്കാർക്ക് ജയിക്കാനുള്ള ഇന്റേണൽ മാർക്കുകൾ ദാനം ചെയ്യാനും, അന്യായ പിരിവും എതിർക്കുന്ന വിദ്യാർത്ഥികൾക്ക് പരാജയപ്പെടുന്ന മാർക്കും നൽകുന്നു.'

രണ്ടാമത്തേതിൽ ലണ്ടൻ സർവ്വകലാശാലയുടെ അക്കാദമിക് കൗൺസിൽ ചെയർമാൻ ആയിരുന്ന ഒരു പ്രൊഫസർ വിലപിക്കുന്നു, 'കൂടുതൽ മാർക്ക് നൽകാനുള്ള സമ്മർദ്ദത്തിലാണ് ലെക്ചറർമാർ എന്നതുകൊണ്ട് പല ബ്രിട്ടീഷ് സർവ്വകലാശാലകളിലേയും ബിരുദനിലവാരം അപകടത്തിലാണ്. രചനാമോഷണങ്ങളോട് അവർ കണ്ണടക്കുന്നു. കനത്ത ഫീസിന്റെ വരുമാനത്തിനായി ആശ്രയിക്കുന്നതുകൊണ്ട് മറ്റു രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളോട് സർവകലാശാലകൾ പ്രത്യേകിച്ചും ദാക്ഷിണ്യം കാണിക്കുന്നു, രചനാമോഷണവും വഞ്ചനയും കണ്ടാൽത്തന്നെ കണ്ണടക്കുന്നു.' (റിച്ചാർഡ് ഗാർണർ, വിദ്യാഭ്യാസ എഡിറ്റർ, ദി ഇൻഡിപ്പെൻഡന്റ്, ലണ്ടൻ, 2008 ജൂൺ 17)

സുഗമമായ സമഗ്ര-നിരന്തര മൂല്യനിർണ്ണയം ഇങ്ങനെയാണ് നടക്കുന്നത്. അതിനു ശേഷം ഒരു ദശകം കഴിഞ്ഞു. എല്ലാ മുതലാളിത്ത രാജ്യങ്ങളിലേയും സാഹചര്യങ്ങൾ സർവ്വവ്യാപിയായ പ്രതിസന്ധിയിൽ കൂടുതൽ കൂടുതൽ മുങ്ങിത്താഴുന്നതനുസരിച്ച് സാഹചര്യം വളരെ മോശമായിട്ടേ ഉള്ളൂ.

**ശക്തവും സംഘടിതവുമായ ജനകീയ മുന്നേറ്റം അനിവാര്യം**

വിദ്യാഭ്യാസ സംവിധാനം അപകടത്തിലാണ് എന്നത് അനിഷേധ്യമായ വസ്തുതയാണ്. തോൽവി ഒഴിവാക്കൽ നയം ശവപ്പെട്ടിയിലെ അവസാന ആണി അടിക്കലാകും. ഭൂരിപക്ഷം വരുന്ന സാധാരണക്കാരും ദരിദ്രരുമായ കുടുംബങ്ങളും അവരുടെ കുട്ടികളുമാകും അതിന്റെ ആദ്യ ഇരകൾ. എന്നാൽ വിദ്യാഭ്യാസത്തിനു മേലുള്ള ഈ സർവ്വസംഹാരിയായ ആക്രമണം, മുഴുവൻ രാജ്യത്തെയും വരുതലമുറകളെയാകെ ബാധിക്കും.

ജനങ്ങൾക്ക് ഒറ്റ മാർഗ്ഗമേ മുന്നിലുള്ളൂ. പശ്ചിമബംഗാളിൽ തെളിയിച്ചതു പോലെ, എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന അശ്രാന്തമായ സംഘടിത ജനകീയമുന്നേറ്റമാണ് അന്നത്തെ സിപിഐ(എം) സർക്കാരിനെക്കൊണ്ട്, ഉറച്ചത് എന്ന് അവർ വിശ്വസിച്ച ഒന്നിനെ ഇളക്കിയത് - സ്ക്കൂൾ വിദ്യാഭ്യാസത്തിന്റെ പ്രൈമറി തലത്തിൽ തന്നെ ഇംഗ്ലിഷ് പഠനം തിരികെ കൊണ്ടു വരാനായി 19 വർഷം നീണ്ട പോരാട്ടം. ഇപ്പോൾ വീണ്ടും, ഈ സൂത്രപ്പണികളും വഞ്ചനകളും ഇനി തുടരേണ്ട എന്ന്, രാജ്യത്തെ ജനങ്ങൾ തീരുമാനമെടുക്കാനുള്ള നിർണ്ണായക സമയമായിരിക്കുന്നു. വിദ്യാഭ്യാസത്തിനു മേലുള്ള ആക്രമണങ്ങൾക്കെതിരേ ശക്തവും നിരന്തരവുമായ ഐക്യമുന്നേറ്റത്തിനായി പുറത്തേക്കിറങ്ങണം. ഏറ്റവും വ്യക്തമായി, തോൽവി ഒഴിവാക്കൽ നയം തന്നെയാകണം മുന്നേറ്റങ്ങളുടെ പ്രധാനലക്ഷ്യങ്ങളിലൊന്ന്. ഈ നയം അടിയന്തിരമായി പിൻവലിക്കണമെന്നും ഒന്നാം ക്ലാസ് മുതൽ തന്നെ ജയം-തോൽവി സമ്പ്രദായം വീണ്ടും കൊണ്ടുവരണമെന്നുമുള്ള ആവശ്യം ജനങ്ങൾ അസന്ദിഗ്ദ്ധമായി ഉയർത്തണം ●

**ഒന്നു മുതൽ എട്ടാം ക്ലാസു വരെ നിരന്തരവും സ്വാഭാവികയുമായ ക്ലാസ് കയറ്റം നൽകുമ്പോൾ പഠനത്തിന്റെയും അധ്യാപനത്തിന്റെയും കുറവുകൾ കണ്ടെത്താനും പരിഹരിക്കുവാനുമുള്ള അവസരം ഇല്ലാതാവും. കാലാന്തരത്തിൽ പുരോഗതിക്കായുള്ള പ്രചോദനം തുടച്ചുനീക്കപ്പെടും.**

## ബിഒടി ചുങ്കപ്പാതകൾ ഉപേക്ഷിക്കുക



**പെരുവഴിയുടെ കഥ തെരുവുനാടകത്തിൽനിന്ന്**

**ബി**ഒടി ടോൾ പാതയ്ക്കുവേണ്ടി ഭൂമി പിടിച്ചെടുക്കാനുള്ള നീക്കത്തിൽനിന്നും സർക്കാർ പിന്മാറുക, ദേശീയ പാതകൾ 30 മീറ്ററിൽ സർക്കാർ ചെലവിൽ നിർമ്മിക്കുക, കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് പുനഃരധിവാസവും മെച്ചപ്പെട്ട നഷ്ടപരിഹാരവും മുൻകൂറായി നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉയർത്തിക്കൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ നേതൃത്വത്തിൽ രാഷ്ട്രീയ കലാ ജാഥ നടന്നു. ജാഥ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ടി.കെ.സുധീർകുമാർ ഉദ്ഘാടനം ചെയ്തു ●

Date of publishing 01/07/2018
REGISTERED
R.N. 24773/1992
P.R.No. KL/TV(N)/452/2018-20

# UNITY
MALAYALAM MONTHLY

Vol.45 No.4
Price : Rs 5.00
July 2018

# അഭിമന്യു വധം: ജനാധിപത്യവിരുദ്ധ കാമ്പസ്സ് സൃഷ്ടിച്ചവർ ഉത്തരവാദികൾ

**എസ്യുസിഐ(സി) കേരള സംസ്ഥാന കമ്മിറ്റിയുടെ പ്രസ്താവന**

എറണാകുളം മഹാരാജാസ് കോളേജിലെ എസ്എഫ്ഐ പ്രവർത്തകൻ അഭിമന്യുവിന്റെ കൊലപാതകം മനഃസാക്ഷി മരവിച്ചിട്ടില്ലാത്ത ഏവരെയും നടുക്കുകയുണ്ടായി. കൊലപാതകികളെ അറസ്റ്റ് ചെയ്ത് തുറുങ്കിലടക്കണമെന്നും മാതൃകാപരമായ ശിക്ഷ ഉറപ്പാക്കണമെന്നും കേരളം ഒറ്റക്കെട്ടായി ആവശ്യപ്പെട്ടതും അതുകൊണ്ടാണ്.

ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടികൾ കൈക്കൊള്ളുകതന്നെ വേണം. നിർദ്ധനനായ ഒരു വിദ്യാർത്ഥിയുടെ ദാരുണാന്ത്യത്തെച്ചൊല്ലിയുണ്ടായ വികാരവും പ്രതിഷേധവും ശരിയായ ദിശയിലുള്ള ഫലങ്ങൾ സൃഷ്ടിക്കാൻ ഇടവരുത്തണം. കലായലങ്ങളെ കൊലക്കളമാക്കുന്ന വിദ്യാർത്ഥി പ്രസ്ഥാനം ഏതായാലും ജനാധിപത്യ കേരളത്തിന്റെ മണ്ണിൽ ഒറ്റപ്പെടുത്തപ്പെടണം.

അഭിമന്യുവിന്റെ ഘാതകരെ പിടികൂടി തുറുങ്കലടയ്ക്കുന്നിടത്ത് നടപടികൾ അവസാനിച്ചാൽ വേദനാകരമായ ഈ സാഹചര്യം ഇല്ലാതാവുകയില്ല. മേധാവിത്തമുള്ള സംഘടനകൾ ഇതര വിദ്യാർത്ഥി സംഘടനകളെ പ്രവർത്തിക്കാൻ അനുവദിക്കാത്ത അങ്ങേയറ്റം ജനാധിപത്യവിരുദ്ധമായ കാമ്പസ്സുകൾ തുടരുന്നിടത്തോളം കാലം അഭിമന്യുമാർ കൊലയ്ക്കുകൊടുക്കപ്പെടുക തന്നെ ചെയ്യും. കേരളമെമ്പാടുമുള്ള കലാലയ കാമ്പസ്സുകളിൽ കയ്യൂക്കിന്റെയും ജനാധിപത്യവിരുദ്ധതയുടെയും അന്തരീക്ഷം സൃഷ്ടിച്ചിട്ടുള്ളതിന്റെ പ്രധാന ഉത്തരവാദിത്തം എസ്എഫ്ഐക്കുതന്നെയാണ്. ഈ അന്തരീക്ഷമാണ് തികഞ്ഞ വർഗ്ഗീയ സംഘടനകളായ എബിവിപിക്കും കാമ്പസ്സ് ഫ്രണ്ടിനും ഇന്ന് വളക്കൂറുള്ള മണ്ണായി മാറുന്നത്. ആരോഗ്യകരമായ രാഷ്ട്രീയ സംവാദത്തെ ആധാരമാക്കിയ ഉയർന്ന ജനാധിപത്യ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടു മാത്രമേ ഈ പിന്തിരിപ്പൻ സംഘടനകളെ ഒറ്റപ്പെടുത്തപ്പെടുത്താൻ കഴിയൂ. ആയതിനാൽ ജനാധിപത്യ പ്രവർത്തനം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ ഇത്തരം ശക്തികളുടെ ഭാഗത്തുനിന്ന് അക്രമത്തിന്റെ സമീപനം ഉണ്ടാകുന്ന വേളകളിൽപ്പോലും തികഞ്ഞ സംയമനത്തോടെ പ്രബുദ്ധമായ രാഷ്ട്രീയത്തിന്റെ പ്രവർത്തന ശൈലിയെ മുറുകെപ്പിടിച്ചുകൊണ്ട് മാതൃകാപരമായി പ്രവർത്തിക്കേണ്ടത് പുരോഗമനപ്രസ്ഥാനങ്ങളാണ്. എന്നാൽ ഇതിനു നേർ വിപരീതമായി, ജനാധിപത്യം, സ്വാതന്ത്ര്യം എന്നൊക്കെ പതാകയിൽ എഴുതിച്ചേർത്തിട്ടുള്ള എസ്എഫ്ഐയാണ് കേരളത്തിന്റെ കാമ്പസ്സുകളെ കൊലക്കളമാക്കി മാറ്റുന്നതിൽ ഇന്ന് പ്രമുഖ പങ്കുവഹിക്കുന്നത്. ഒരേ മുന്നണിയിൽ പ്രവർത്തിക്കുന്ന എഐഎസ്എഫിന്റെ പ്രവർത്തകരെപ്പോലും അവർ വേട്ടയാടിയിട്ടുണ്ട്.

അക്രമത്തിന്റെ വിദ്യാർത്ഥി രാഷ്ട്രീയം കണ്ട് മനസ്സ് മടുത്ത കേരളത്തിലെ ജനാധിപത്യവിശ്വാസികളുടെയും സമാധാനസ്നേഹികളുടെയും പിന്തുണയും അഭിപ്രായവും പരോക്ഷമായി ഉപയോഗപ്പെടുത്തിയാണ് കോടതികൾ വിദ്യാർത്ഥിരാഷ്ട്രീയത്തെ നിരോധിച്ചത്. അങ്ങിനെ വർഗ്ഗീയതയുടെയും അഴുകിയ സംസ്കാരത്തിന്റെയും വിളനിലങ്ങളായി മാറിയ രാഷ്ട്രീയരഹിത കാമ്പസ്സുകൾ സൃഷ്ടിച്ചതിലും ഈ പ്രസ്ഥാനങ്ങൾക്കെല്ലാം പങ്കുണ്ട് - എസ്എഫ്ഐക്ക് കൂടുതലും പങ്കുണ്ട്. അതിനാൽ ഈ സാഹചര്യത്തിൽ ഏവരും സത്യസന്ധമായ ഒരാത്മപരിശോധയക്ക് തയ്യാറാകണം.

മഹത്വമാർന്ന വിദ്യാർത്ഥി രാഷ്ട്രീയത്തെ കളങ്കപ്പെടുത്തുന്ന, ജനാധിപത്യ കേരളത്തിന്റെ ഘടനയക്ക് ഗുരുതരമായ ആഘാതമേൽപ്പിക്കുന്ന വിധ്വംസക രാഷ്ട്രീയത്തിൽനിന്നും പിന്മാറുമെന്ന് ഈ പ്രസ്ഥാനങ്ങൾ പ്രതിജ്ഞയെടുക്കണം. അതു പാലിക്കാൻ അവരുടെ മേൽ സമ്മർദ്ദം ചെലുത്തിക്കൊണ്ട് നിതാന്തജാഗ്രതയുമായി ജനാധിപത്യ സമൂഹം ഉണ്ടാകണം. എങ്കിൽമാത്രമേ അഭിമന്യുവിന്റെ പേരിൽ ഉയർത്തപ്പെടുന്ന പ്രതിഷേധത്തിനും കണ്ണീരിനും അർത്ഥമുണ്ടാകുകയുള്ളൂ ●

# മലപ്പുറത്ത് മനുഷ്യസംഗമം



പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് എ.പി അഹമ്മദ് പ്രസംഗിക്കുന്നു

ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ ജൂൺ 23ന് മലപ്പുറം ജില്ലയിലെ കോട്ടക്കലിൽ മനുഷ്യ സംഗമം നടന്നു. മാനവികതയ്ക്കും സ്വതന്ത്ര ചിന്തയ്ക്കും നേരെയുള്ള കടന്നാക്രമണങ്ങളെ ചെറുക്കുവാനുള്ള പ്രതിരോധ നിര പടുത്തുയർത്തുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ജനകീയ പ്രതിരോധ സമതിയുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി നടക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായാണ് മനുഷ്യ സംഗമം സംഘടിപ്പിക്കപ്പെട്ടത്. അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന പ്രസിഡന്റ് മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. സാംസ്കാരിക പ്രവർത്തകനും ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡൻറുമായ എ.പി.അഹമ്മദ് മുഖ്യ പ്രസംഗം നടത്തി. ടി.ടി.വാസുദേവൻ അദ്ധ്യക്ഷത വഹിച്ചു. സലാം പനോളി, എൻഎച് 17 ആക്ഷൻ കമ്മിറ്റി ജില്ലാ കൺവീനർ അബുലൈസ്, സുരേഷ് കുമാർ, ശശി മറ്റത്തൂർ തുടങ്ങിയവർ പ്രസംഗിച്ചു. ജനകീയ പ്രതിരോധ സമിതി ജില്ലാ സെക്രട്ടറി പി.കെ.പ്രഭാഷ് സ്വാഗതവും ടി.കെ.ബോസ് നന്ദിയും പറഞ്ഞു●

# കെഎസ്ഇബി കരാർ തൊഴിലാളികളുടെ ദ്വിദിനധർണ്ണ

പിഎസ്സി പ്രസിദ്ധീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ട 2505 കരാർ തൊഴിലാളികൾക്കും ഉടൻ നിയമനം നൽകുക, പെറ്റികോൺട്രാക്ട് വർക്കുകൾ ഇല്ലാതാക്കി തൊഴിലാളികളെ പുറത്താക്കുന്നത് അവസാനിപ്പിക്കുക, നിലവിൽ ജോലി ചെയ്തു കൊണ്ടിരിക്കുന്ന തൊഴിലാളികളെ ലൈസൻസിൽ നിന്നും ഒഴിവാക്കുക, ആശ്രിത നിയമനവും ചികിത്സാ സഹായവും അനുവദിക്കുക, കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുമ്പോൾ മുൻകാല പ്രാബല്യം അനുവദിക്കേണ്ടതില്ലെന്ന എൽഡിഎഫ് സർക്കാർ തീരുമാനം പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ജൂൺ 13, 14 തീയതികളിൽ സെക്രട്ടേറിയറ്റിനു മുന്നിൽ ദ്വിദിന ധർണ്ണ നടന്നു.



കെ.എം.ഷാജഹാൻ ധർണ്ണ ഉദ്ഘാടനം ചെയ്യുന്നു

പ്രമുഖ മനുഷ്യാവകാശ-പൊതു പ്രവർത്തകൻ കെ.എം.ഷാജഹാൻ ധർണ്ണ ഉദ്ഘാടനം ചെയ്തു. യൂണിയൻ പ്രസിഡന്റും എഐയുറ്റിയുസി സംസ്ഥാന സെക്രട്ടറിയുമായ വി.കെ.സദാനന്ദൻ അദ്ധ്യക്ഷത വഹിച്ചു. കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറി എസ്.സീതിലാൽ മുഖ്യപ്രസംഗം നടത്തി. ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള നിവേദനങ്ങൾ മുഖ്യമന്ത്രി, വൈദ്യുതി വകുപ്പ് മന്ത്രി എന്നിവർക്ക് കൈമാറി. രണ്ട് ദിവസമായി നടന്ന ധർണ്ണക്ക് യൂണിയൻ നേതാക്കളായ പി.എം.ദിനേശൻ, ഡി.ഹരികൃഷ്ണൻ, ബി.വിനോദ്, ജെ.സുരേഷ്, കെ.സജി, ആർ വേണുഗോപാൽ, വി.റ്റി.ശശി, പി.ആർ സതീശൻ, പി.ജെ സജിമോൻ, പ്രഹ്ലാദൻ, അനൂപ് ജോൺ എന്നിവർ നേതൃത്വം നൽകി●

# പൊന്തൻപുഴ വനം സ്വകാര്യവ്യക്തികൾക്ക് തീറെഴുതാനുള്ള നീക്കം ഉപേക്ഷിക്കുക

പൊന്തൻപുഴ വനം സ്വകാര്യവ്യക്തികൾക്ക് തീറെഴുതാനുള്ള നീക്കം ഉപേക്ഷിക്കുക, സർക്കാർ ഒത്തുകളി അവസാനിപ്പിക്കുക, വനാതിർത്തിയിലെ പരമ്പരാഗത താമസക്കാരായ 1200 കുടുംബങ്ങൾക്ക് ഉടൻ പട്ടയം നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പൊന്തൻപുഴ വലിയകാവ് വനസംരക്ഷണ പട്ടയ സമരസമിതി പെരുമ്പട്ടി വില്ലേജ് ഓഫീസിനുമുന്നിൽ നടത്തിവരുന്ന അനിശ്ചിതകാല സമരത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് എസ് യുസിഐ കമ്മ്യൂണിസ്റ്റ് പാർട്ടി ഐക്യദാർഢ്യ പ്രകടനവും യോഗവും നടത്തി.

പൊന്തൻപുഴ വനത്തിന് അവകാശമുന്നയിച്ചുകൊണ്ട് 1904ൽ എഴുമറ്റൂർ കോവിലകം ആരംഭിച്ച അവകാശത്തർക്കം കേരള ഹൈക്കോടതി തീർപ്പാക്കുമ്പോൾ അവകാശികളായി എത്തുന്നത് 283 പേരാണ്. സർക്കാരിന്റെ കൈവശം ഇരിക്കുന്ന വനഭൂമിയിൽ ഇക്കാലയളവിൽ 283 പേർക്ക് അവകാശം അനുവദിക്കത്തക്കവിധത്തിലുള്ള ക്രയവിക്രയങ്ങൾ നടന്നു. വനഭൂമി മാഫിയയ്ക്ക് പതിച്ചുകൊടുക്കാൻ സൗകര്യമൊരുക്കിക്കൊണ്ട് വില്ലേജ് ഓഫീസും താലൂക്ക് ഓഫീസുമടക്കം സർക്കാർ സംവിധാനങ്ങൾ കൂട്ടുനിന്നു. റവന്യൂവകുപ്പും രജിസ്ട്രേഷൻ വകുപ്പും വഴിവിട്ട് സഹായിച്ചു. വനത്തിന്റെ ബാദ്ധ്യതാ സർട്ടിഫിക്കറ്റും അവർ സമ്പാദിച്ചു. വനം അളന്നുതിരിക്കാൻ സർവ്വേ വകുപ്പും കൂട്ടുനിന്നു. വനുംവകുപ്പാകട്ടെ ഇതിനെല്ലാം ചുക്കാൻ പിടിച്ചു.

സർക്കാർ വക്കീലൻമാരും പ്രതിഭാഗത്തോട് ചേർന്നു. രാജഭരണ കാലത്തെ തീട്ടുരൂങ്ങളാണ് കോടതിയും പരിഗണിച്ചിരിക്കുന്നത്. രാജഭരണം മാറി ജനയാത്തം വന്നിട്ട് ആറുപതിറ്റാണ്ടായെന്നും രാജഭരണകാലത്തെ നിയമങ്ങളല്ല ഇപ്പോഴുള്ളതെന്നും ഭൂപരിഷ്ക്കണത്തിന്റെ പേരിൽ മേനി നടിക്കുന്ന ഇടതുപക്ഷം മറന്നുപോയതാകാനിടയില്ല.




മിനി കെ.ഫിലിപ്പ് പ്രസംഗിക്കുന്നു

വനാതിർത്തിയോട് ചേർന്ന് 5 തലമുറകളായി അധിവസിച്ചുപോരുന്ന 1200 കുടുംബങ്ങളുണ്ട്. പട്ടയത്തിനുവേണ്ടിയുള്ള അവരുടെ മുറവിളി അഞ്ചു പതിറ്റാണ്ടുപിന്നിടുമ്പോഴും അതിന് നടപടിയൊന്നുമുണ്ടായിട്ടില്ല. എന്നാൽ അവരറിയാതെ തന്നെ അവരുടെ തുണ്ടുഭൂമികളും വനത്തിന്റെ സർവ്വേ നമ്പരിൽ പെടുത്തപ്പെട്ടു. അതിനുവേണ്ടുന്ന സൂത്രപ്പണികളും വനംമാഫിയയ്ക്കുവേണ്ടി ഉദ്യോഗസ്ഥർ ചെയ്തുകൊടുത്തു. പരമ്പരാഗത താമസക്കാർക്ക് പട്ടയം നൽകിയാൽ വനത്തിന്റെ പട്ടയവും അക്കൂട്ടത്തിൽ തട്ടിയെടുക്കാം എന്നതാണ് മനോരാജ്യം.

എരുമേലി കേന്ദ്രമാക്കി വരുന്നു എന്നു പറയപ്പെടുന്ന വിമാനത്താവളത്തിന് അനുബന്ധമായി മുന്നേക്കൂട്ടി നടക്കുന്ന നീക്കങ്ങളുടെ ഭാഗമാണ് ഈ വിക്രിയകളെല്ലാം. ഈ വമ്പൻ കച്ചവടങ്ങൾക്ക് കേരളത്തിന്റെ കണ്ണായ ജൈവസമ്പത്തും ആയിരക്കണക്കിന് ആളുകളുടെ ജീവനും ജീവിതവും വിലയായി തീറെഴുതേണ്ടിവരും. ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് പ്രദേശവാസികൾ നീണ്ടുനിൽക്കുന്നൊരു സമരവുമായി മുന്നോട്ടു വന്നിരിക്കുന്നത്. എസ് യുസിഐ കമ്മ്യൂണിസ്റ്റ് സംസ്ഥാന കമ്മിറ്റിയംഗം സഖാവ് മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. പത്തനംതിട്ട ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ കെ.ജി അനിൽകുമാർ, എസ്. രാധാമണി, എഐഡിവൈഒ സംസ്ഥാന കമ്മിറ്റിയംഗം വി.അരവിന്ദ്, എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റിയംഗം എം.കെ.ഷെഹസാദ്, എഐഡിഎസ്ഒ ജില്ലാ കമ്മിറ്റിയംഗം അനന്തഗോപാൽ, എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിറ്റിയംഗം വി.പി.കൊച്ചുമോൻ തുടങ്ങിയവർ പ്രസംഗിച്ചു.

സമരത്തിന്റെ അമ്പതാംദിവസം വില്ലേജ് ഓഫീസിനുമുന്നിൽ നടന്ന പ്രതിഷേധ സംഗമത്തിൽ എസ് യുസിഐ കമ്മ്യൂണിസ്റ്റ് സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എസ് രാജീവൻ പ്രസംഗിച്ചു. ●

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.